# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.4-234/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 05/04/2023
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.4-234/2023 തീയ്യതി: 05/04/2023

## ഇടുക്കി ജില്ലയിലെ ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-04-2022 മുതൽ 04-02-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 10-02-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.അനിൽ മാത്യൂ ഐപ്പ് | ഡെപ്യൂട്ടി ഡയറക്ടർ | 06-02-2023 | 10-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 06-02-2023 | 10-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സുസനിയാമ്മ തോമസ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

ശ്രീ. റ്റി. എസ്. ധനജയൻ, ഓഡിറ്റ് ഓഫീസർ

ശ്രീമതി ഷംലത്ത് എം. എസ്., അസി. ഓഡിറ്റ് ഓഫീസർ

ശ്രീ. ജിബി ഇ. വി., അസി. ഓഡിറ്റ് ഓഫീസർ

ശ്രീമതി അനിറ്റ പി. സാമുവൽ, അസി. ഓഡിറ്റ് ഓഫീസർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.എം.ലതീഷ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.കനകമണി .ബി | സെക്രട്ടറി | 01-04-2021 | 04-08-2021 |
| ശ്രീ.ജോൺസൺ എം.ജെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 05-08-2021 | 08-08-2021 |
| ശ്രീ.ജോൺ ഗോട്ട്രിക്ക് ഗ്രീക്ക് | സെക്രട്ടറി | 09-08-2021 | 31-03-2022 |
| ശ്രീ. ജോൺ ഗോടിക് ഗ്രീക്ക് | സെക്രട്ടറി | 09-08-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ബിന്ദു ജോസഫ് | അസി.സെക്രട്ടറി | 01-04-2021 | 11-07-2021 |
| ശ്രീ.ജോൺസണ്ട എം.ജെ | അസി.സെക്രട്ടറി | 12-07-2021 | 31-03-2022 |
| ശ്രീ.ബിജു വി.കെ | അസി.എഞ്ചിനീയർ | 01-04-2021 | 28-07-2021 |
| ശ്രീ.ആദർശ് പി.ആർ | അസി.എഞ്ചിനീയർ | 29-07-2021 | 31-03-2022 |
| ശ്രീമതി.ജെയ്സിമോൾ കെ.ജെ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ഷാജിത മീരാൻ | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| ശ്രീമതി.സിന്ധു റ്റി.കെ | ഐ.സി.ഡി.എസ്.സൂപ്പർ വൈസർ | 01-04-2021 | 31-03-2022 |
| ഡോ.റെയ്ച്ചൽ പി.ജോസഫ് | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ഡോ.ജോസഫ് പി.മോസസ് | മെഡിക്കൽ ഓഫീസർ (ആയൂർവ്വേദം) | 01-04-2021 | 31-03-2022 |
| ഡോ.റഷീദ പി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ഡോ.ഡാലി.സി.ഡേവിസ് | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീ.എ.എം.നസീർ | ഹെഡ് മാസ്റ്റർ | 01-04-2021 | 31-03-2022 |
| ശ്രീ.സുധീഷ് എം.പി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം | 1-3 |
| 4 | റോഡ് മെയിന്റനൻസ് ഫണ്ട് ചെലവ് 43.41 ശതമാനം | 1-3-1 |
| 5 | റോഡിതര മെയിന്റനൻസ് ഫണ്ട് ചെലവ് 67.06 ശതമാനം | 1-3-2 |
| 6 | പദ്ധതി അവലോകനം | 1-4 |
| 7 | പൊതു മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ ഗുരുതര വീഴ്ച | 1-4-1 |
| 8 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി - വകയിരുത്തുന്ന തുക പരിമിതം | 1-4-2 |
| 9 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 10 | ക്ഷേമ പെൻഷനുകൾ | 1-6 |
| 11 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 12 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 13 | വാർഷിക കണക്കിലെ അപാകതകൾ | 1-9 |
| 14 | വസ്തു നികുതി ഈടാക്കാത്ത കെട്ടിടങ്ങൾ | 1-10 |
| 15 | ലേലം തുടർ നടപടികൾ സ്വീകരിച്ചില്ല | 1-11 |
| 16 | ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-12 |
| 17 | വൃക്ക രോഗികൾക്ക് ഡയാലിസിസിന് ധനസഹായം - തുക മരുന്ന് വാങ്ങുന്നതിനായി ചെലവഴിച്ചു | 1-13 |
| 18 | പദ്ധതിയിൽ വിഭാവനം ചെയ്യാത്ത ഇനം വാങ്ങിയതിനാൽ അധികച്ചെലവ് | 1-14 |
| 19 | അംഗൻവാടി പോഷകാഹാരം - കുറവായി വിതരണം നടത്തി | 1-15 |
| 20 | ബഡ്സ് സ്കൂൾ നിർമ്മാണം - പദ്ധതി ലക്ഷ്യം കണ്ടില്ല | 1-16 |
| 21 | ഇലക്ഷൻ നിക്ഷേപ തുക മുതൽ കൂട്ടിയില്ല | 1-17 |
| 22 | ഹരിത കർമ്മ സേന - വയബിലിറ്റി ഗ്യാപ്പ് ഫണ്ടിംഗ് - തുക വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല - തടസ്സം ₹99,000/- | 1-18 |
| 23 | മരിച്ചുപോയ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് സാമൂഹ്യക്ഷേമ പെൻഷൻ ആനുകൂല്യം നൽകി | 1-19 |
| 24 | മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ - ചെലവ് രേഖകൾ ഹാജരാക്കിയില്ല | 1-20 |
| 25 | കാലിത്തീറ്റ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്ത രേഖകൾ ഹാജരാക്കിയില്ല | 1-21 |
| 26 | എസ്.എസ്.എ. - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-22 |

| | | |
|---|---|---|
| 27 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - യഥാസമയം മരുന്ന് ലഭ്യമായിട്ടില്ല | 1-23 |
| 28 | വെള്ളക്കരം കുടിശ്ശിക | 1-24 |
| 29 | വിവിധ വാർഡുകളിൽ ബോട്ടിൽ ബൂത്ത് സ്ഥാപിക്കൽ | 1-25 |
| 30 | തെരുവ് വിളക്ക് പരിപാലനം - ആവശ്യമായ രേഖകളില്ല | 1-26 |
| 31 | ഡെപ്പോസിറ്റ് പ്രവൃത്തി - പൂർത്തീകരണ വിവരമില്ല | 1-27 |
| 32 | ജലജീവൻ മിഷൻ വിഹിതം - വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല | 1-28 -1 |
| 33 | ഐ.കെ.എം. വിഹിതം - വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല | 1-28 -2 |
| 34 | സിറ്റിസൺ ഇൻഫർമേഷൻ ബോർഡുകൾ സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കാതെ തന്നെ നിരക്ക് കണക്കാക്കി അനുവദിച്ചിരിക്കുന്നു | 1-29 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടുകളുടെ വിവരം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുക വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

തൻവർഷത്തെ ബജറ്റ് സംഗ്രഹം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ബജറ്റ് അംഗീകരിച്ച ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം | 2/15-2-21 |
| ബജറ്റ് അവതരിപ്പിച്ച തീയതി | 22.02.2021 |
| ബജറ്റ് അംഗീകരിച്ച ഭരണസമിതി തീരുമാനം/തീയതി | 1/22-2-21 |
| ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് | ₹175640000 |
| ബജറ്റ് പ്രകാരം പ്രതീക്ഷിത ചെലവ് | ₹185951549 |

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 2022 ജൂലൈ 31 | 24-05-2022 (എയിംസിൽ സമർപ്പിച്ചത്) | - | - |

### 1-3 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് ₹ | അലോട്ട്മെന്റ്/വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| വികസനഫണ്ട് - പൊതുവിഭാഗം | 0 | 22511000 | 22511000 | 22511000 | |
| എസ്.സി.പി. | 0 | 2371050 | 2371050 | 2165334 | |
| റ്റി.എസ്.പി. | 0 | 4173577 | 4173577 | 3651000 | |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (TIED) | 0 | 11127212 | 11127212 | 2953264 | 8173948 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (UNTIED) | 0 | 4580306 | 4580306 | 3306926 | 1273380 |
| സംരക്ഷണ ഗ്രാന്റ് - റോഡ് | 0 | 19330932 | 19330932 | 8392735 | |
| സംരക്ഷണ ഗ്രാന്റ് - നോൺറോഡ് | 0 | 6417706 | 6417706 | 4304353 | |
| കേന്ദ്രാവിഷ്കൃത പദ്ധതി ഐ.സി.ഡി.എസ്. | 768602 | 718713 | 1487315 | 1344347 | 142968 |
| പൈക | 9145 | 274 | 9419 | 482 | 8937 |
| തൊഴിലുറപ്പ് പദ്ധതി - ഭരണ ചെലവ് | 12368 | 857786 | 870154 | 866446 | 3708 |
| തൊഴിൽ കൂലി | | 42089376 | 42089376 | 42089376 | |
| ടോട്ടൽ സാനിറ്റേഷൻ | 569734 | 0 | 569734 | 474898 | 94836 |
| സംസ്ഥാനാവിഷ്കൃത പദ്ധതി എസ്.റ്റി. കോർപസ് ഫണ്ട് | 1535107 | 0 | 1535107 | 530385 | 1004722 |
| ശുചിത്വമിഷൻ | 169509 | 730361 | 899867 | 716702 | 183165 |
| ജലനിധി | 1225611 | 1929070 | 3154681 | 0 | 3154681 |
| സാക്ഷരത | 9880 | 286 | 10166 | 0 | 10166 |

| | | | | | |
|---|---|---|---|---|---|
| എസ്.എസ്.എ. | 0 | 296 | 296 | 0 | 296 |
| സ്പെസിഫിക് പർപ്പസ് (Life) | 2425718 | 4030000 | 6455718 | 6118618 | 337100 |
| വകുപ്പ് ഫണ്ട് – എസ്. റ്റി. വകുപ്പ് ഫണ്ട് | 464204 | 0 | 464204 | 434747 | 29457 |
| വരൾച്ച ദുരിതാശ്വാസ ഗ്രാന്റ് | 212500 | 0 | 212500 | 0 | 212500 |
| പ്ലാൻ | 104165 | 680256 | 784421 | 158261 | 626160 |
| ലൈഫ് | 2529791 | 4470000 | 6999791 | 6660649 | 339142 |
| 320200301 | 0 | 200000 | 200000 | 0 | 200000 |
| 320200304 | 63000 | 0 | 63000 | 0 | 63000 |
| 320400199 | 0 | 636717 | 636717 | 0 | 636717 |
| 320700304 | 0 | 500000 | 500000 | 0 | 500000 |
| 320700404 | 487575 | 175000 | 662575 | 54096 | 608479 |
| 320700405 | 1312 | 0 | 1312 | 0 | 1312 |

വിവിധ ഫണ്ടുകളുടെ വിഹിതം അനുവദിച്ച വേളയിൽ ചുവടെ കൊടുത്തിരിക്കുന്ന തുകകൾ സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്തിട്ടുണ്ട്. ഗ്രാന്റ് പത്രികയിൽ പ്രസ്തുത തുക വരവിലെടുത്തിട്ടില്ല.

| ഫണ്ട് | ലൈഫ് ലോൺ ₹ | അംഗൻവാടി ഹോണറേറിയം ₹ |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 1602333 | 963600 |
| വികസനഫണ്ട് (SCP) | 95333 | |
| വികസനഫണ്ട് (TSP) | 33000 | |

1-3-1 റോഡ് മെയിന്റനൻസ് ഫണ്ട് ചെലവ് 43.41 ശതമാനം

റോഡ് മെയിന്റനൻസ് ഫണ്ട് വിഹിതമായ ₹1,93,30,932/-ൽ 2021-22 സാമ്പത്തിക വർഷം ₹83,92,735/- ചെലവഴിച്ചിട്ടുണ്ട്. 15.07.2021ലെ സ.ഉ.(കൈ)നം.79/2021/ധന. പ്രകാരം 2021-22 സാമ്പത്തിക വർഷം അനുവദിച്ച വികസന ഫണ്ട് 80%ൽ കുറയാതെ ചെലവഴിക്കാത്തപക്ഷം അനുവദിച്ച തുകയുടെ 20 ശതമാനം വരെ മാത്രമേ അടുത്ത സാമ്പത്തിക വർഷം ക്യാരി ഓവർ ചെയ്യുവാൻ അനുമതിയുള്ളു. അതിനാൽ, ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ₹70,72,011/- ലാപ്സായി.

| അലോട്ട്മെന്റ് ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ | ചെലവ് ശതമാനം | 2022-23ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക ₹ | ലാപ്സായ തുക ₹ |
|---|---|---|---|---|---|
| 19330932 | 8392735 | 10938197 | 43.41 | 3866186 | 7072011 |

1-3-2 റോഡിതര മെയിന്റനൻസ് ഫണ്ട് ചെലവ് 67.06 ശതമാനം

വോട്ടിംഗ് മെഷീനായി 2020-21ൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത ₹46,052/- ഉൾപ്പെടെ റോഡിതര മെയിന്റനൻസ് ഫണ്ട് വിഹിതമായ ₹64,17,706/-ൽ 2021-22 സാമ്പത്തിക വർഷം ₹43,04,353/- ചെലവഴിച്ചിട്ടുണ്ട്. 15.07.2021ലെ സ.ഉ(കൈ)നം.79/2021/ധന. പ്രകാരം 2021-22 സാമ്പത്തിക വർഷം അനുവദിച്ച വികസന ഫണ്ട് 80%ൽ കുറയാതെ ചെലവഴിക്കാത്തപക്ഷം അനുവദിച്ച

തുകയുടെ 20 ശതമാനം വരെ മാത്രമേ അടുത്ത സാമ്പത്തിക വർഷം ക്യാരി ഓവർ ചെയ്യുവാൻ അനുമതിയുള്ളൂ. അതിനാൽ, ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ₹8,29,812/- ലാപ്സായി.

| അലോട്ട്മെന്റ് ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ | ചെലവ് ശതമാനം | 2022-23ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക ₹ | ലാപ്സായ തുക ₹ |
|---|---|---|---|---|---|
| 6417706 | 4304353 | 2113353 | 67.06 | 1283541 | 829812 |

1-4 പദ്ധതി അവലോകനം

2021-22 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|
| 218 | 120063177 | 157 | 61944594 | 61 | 72 |

1 . ചെലവഴിച്ച വിവിധ ഫണ്ടുകളുടെ വിവരം

| ഇനം | | അടങ്കൽ തുക ₹ | ചെലവ് തുക ₹ | ചെലവ് ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട് | പൊതു വിഭാഗം | 22511000 | 22511000 | 100 |
| | പട്ടിക ജാതി വിഭാഗം | 2518100 | 2165334 | 85.99 |
| | പട്ടിക വർഗ്ഗ വിഭാഗം | 4696000 | 3651000 | 77.74 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 17277978 | 6260190 | 36.23 |
| കേന്ദ്രാവിഷ്കൃതഫണ്ട് | | 2889000 | 1692347 | 58.57 |
| സംസ്ഥാനാവിഷ്കൃതഫണ്ട് | | 12578628 | 6025249 | 47.90 |
| തനത് ഫണ്ട് | | 1450000 | 836316 | 57.67 |
| മറ്റ് ഗ്രാമ പഞ്ചായത്ത് ഫണ്ട് | | 0 | 0 | |
| ബ്ലോക്ക് പഞ്ചായത്ത് | | 4906201 | 1707997 | 34.81 |
| മറ്റ് ജില്ലാ പഞ്ചായത്ത് | | 10576802 | 2043115 | 19.31 |
| സംരക്ഷണ ഗ്രാന്റ് റോഡിതരം | | 6503475 | 4304353 | 66.18 |
| സംരക്ഷണ ഗ്രാന്റ് റോഡ് | | 19599863 | 8392735 | 42.82 |
| മറ്റിനം | | 14056130 | 2354958 | 16.75 |
| ആകെ | | 120063177 | 61944594 | 51.59 |

2. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഏറ്റെടുത്ത് നടപ്പാക്കിയ വിവിധ പദ്ധതികളുടെ ചെലവ് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടിന്റെ എണ്ണം | അടങ്കൽ തുക ₹ | നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ എണ്ണം | ചെലവ് തുക ₹ | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 8 | 3086304 | 8 | 2853204 | 92.44 |
| വെറ്ററിനറി സർജൻ | 16 | 8865200 | 16 | 5593628 | 63.09 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 9 | 3019800 | 9 | 3018572 | 99.95 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 2 | 461052 | 2 | 461052 | 100 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 4 | 1250000 | 4 | 1250000 | 100 |
| വില്ലേജ് ഓഫീസർ | 14 | 40941920 | 13 | 15563950 | 38.01 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 6 | 5027710 | 5 | 4138438 | 82.31 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1800000 | 1 | 1449473 | 80.52 |
| സെക്രട്ടറി | 29 | 11509174 | 29 | 10518650 | 91.34 |
| അസി. എഞ്ചിനീയർ | 120 | 42577624 | 61 | 15573947 | 36.57 |
| അസി. സെക്രട്ടറി | 5 | 544393 | 5 | 543680 | 94.16 |
| ഹെഡ് മാസ്റ്റർ | 4 | 980000 | 4 | 980000 | 100 |

1-4-1 പൊതു മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ ഗുരുതര വീഴ്ച

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഏറ്റെടുത്തിട്ടുള്ള പദ്ധതികളുടെ നിർവ്വഹണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ ഗുരുതര വീഴ്ച വന്നിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഏറ്റെടുത്ത പദ്ധതികളുടെ എണ്ണം | പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | പൂർത്തീകരണ ശതമാനം | അടങ്കൽ (₹) | ചെലവ് (₹) | ചെലവ് ശതമാനം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 120 | 61 | 51 | 42577624 | 15573947 | 37 |

ചെലവ് സംബന്ധിച്ച് ഫണ്ട് ഇനം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ഫണ്ട് ഇനം | വകയിരുത്തൽ (₹) | ചെലവ് (₹) | ചെലവ് ശതമാനം |
|---|---|---|---|
| വികസന ഫണ്ട് – ജനറൽ | 714034 | 714034 | 100 |
| വികസന ഫണ്ട് – എസ്.സി.പി. | 444100 | 155025 | 35 |
| വികസന ഫണ്ട് – ടി.എസ്.പി. | 1050000 | 275119 | 26 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 11754118 | 3116870 | 27 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 350000 | 0 | 0 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 1308086 | 1116599 | 85 |
| തനത് ഫണ്ട് | 200000 | 0 | 0 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1075000 | 54096 | 05 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 3000000 | 862440 | 29 |
| മെയിന്റനൻസ് ഗ്രാന്റ് – റോഡ് | 19599863 | 8392735 | 43 |
| മെയിന്റനൻസ് ഗ്രാന്റ് – റോഡിതരം | 3082423 | 887029 | 29 |
| ആകെ | 42577624 | 15573947 | 37 |

പൊതുമരാമത്ത് പ്രവൃത്തികൾക്കായി വകയിരുത്തിയ വിവിധ ഫണ്ടുകളിൽ കേവലം 37 ശതമാനം മാത്രമാണ് സാമ്പത്തിക വർഷം ചെലവഴിക്കുവാൻ കഴിഞ്ഞത്. പദ്ധതി പണം സമയബന്ധിതമായി ചെലവഴിക്കാത്തത് ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നു. ഫണ്ട് ചെലവഴിക്കുവാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ട് 08.02.2023ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് അസിസ്റ്റന്റ് എൻജിനീയർ താഴെ പറയുന്ന മറുപടി ലഭ്യമാക്കി. സാമ്പത്തിക വർഷത്തിൽ മെയിന്റനൻസ് ഗ്രാന്റ് പ്രവൃത്തികളായി ഏറ്റെടുത്തിരുന്ന 90% പ്രവൃത്തികളിൽ പ്രധാനമായും റീ-ടാറിംഗ് പ്രവൃത്തികൾ ഒന്നും തന്നെ എറ്റെടുക്കുവാൻ കരാറുകാർ തയ്യാറായിരുന്നില്ല. ടാറിംഗ് പ്രവൃത്തികൾ ചെയ്യുന്നതിന് ഉണ്ടായിരുന്ന നിരക്കുകൾ അപര്യാപ്തമായിരുന്നതും കാലാവസ്ഥ വ്യതിയാനങ്ങൾ ടാറിംഗ് പ്രവൃത്തികൾ ചെയ്യുന്നതിന് ബുദ്ധിമുട്ട് ഉണ്ടാക്കുന്നതും കൂടാതെ ഇടുക്കി ജില്ലയിൽ ഉണ്ടാവുന്ന മഴയുടെ സമയത്തിന് അനുസരിച്ചുള്ള ടാറിങ് പ്രവൃത്തികൾ ക്രമീകരിക്കേണ്ടി വരുന്നതും മൂലം ടാറിംഗ് പ്രവൃത്തികൾ ഏറ്റെടുക്കുന്നതിൽ കരാറുകാർ വിമുഖത കാണിക്കുന്നു. പിന്നീട് ടി

പ്രവൃത്തികൾ ഭേദഗതി വരുത്തുകയും തുക വ്യതിയാനപ്പെടുത്തി പുതുക്കിയ നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കി ടെൻഡർ നടപടികളിലേക്ക് പോയപ്പോൾ മാത്രമാണ് പ്രവൃത്തികൾ ഏറ്റെടുക്കാൻ കരാറുകാരെ ലഭ്യമായത്. ടി ഭേദഗതികൾ മൂലം ടെണ്ടർ നടപടി ജനുവരി അവസാനത്തോടെ മാത്രമാണ് പൂർത്തീകരിക്കുവാൻ സാധിച്ചത്. തന്മൂലം പദ്ധതി നിർവ്വഹണം നടത്തുന്നതിന് സമയം കുറവാണ് ലഭിച്ചിട്ടുള്ളത്. ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്ത് കുടുംബശ്രീ സി.ഡി.എസ്. ഇലക്ഷൻ നടത്തുന്നതിലേക്കായി വരണാധികാരിയായി ചുമതലയേറ്റതും 120 പദ്ധതികളുടെ നിർവ്വഹണത്തിന് പുറമെ ബിൽഡിംഗ് പെർമിറ്റ് വാല്യൂവേഷൻ കൂടി ഉണ്ടായതും പദ്ധതി നിർവ്വഹണത്തിലെ കാലതാമസത്തിന് കാരണമായി എന്നും നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എൻജിനീയർ അറിയിച്ചു.

അസിസ്റ്റന്റ് എൻജിനീയറുടെ വിശദീകരണത്തിൽ നിന്നും ലഭ്യമായ മനുഷ്യശേഷിയിൽ നിർവ്വഹിക്കുവാൻ കഴിയാത്തത്ര പ്രവൃത്തികൾ നടത്തേണ്ടി വന്നതിനാലാണ് പദ്ധതി പണം ലാപ്സാവുന്ന അവസ്ഥ ഉണ്ടായിട്ടുള്ളത് എന്ന് വ്യക്തമാണ്. ഒരു സാമ്പത്തിക വർഷം 120 പ്രോജക്ടുകൾ ഏറ്റെടുക്കുന്നത് വളരെ അപ്രായോഗികമാണ് എന്നത് ഭരണ സമിതി തിരിച്ചറിഞ്ഞ് തുടർ വർഷങ്ങളിൽ പ്രായോഗിക സമീപനം സ്വീകരിച്ച് പദ്ധതി പണം നഷ്ടപ്പെടാതിരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-4-2 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി - വകയിരുത്തുന്ന തുക പരിമിതം

| | |
|---|---|
| നിർവ്വഹണം | ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| പ്രോജക്ട് നം. | 13/22 |
| അടങ്കൽ | ₹1800000/- (ഗ്രാമപഞ്ചായത്ത് വിഹിതം - ₹800000/-,<br>ജില്ലാപഞ്ചായത്ത് വിഹിതം – ₹1000000/- |

ഗ്രാമപഞ്ചായത്ത് പരിധിയിൽപ്പെട്ട ചെപ്പുകുളം, പരിയാരം, മഞ്ചിക്കല്ല്, അമയപ്ര, തട്ടക്കുഴ, ആൾക്കല്ല്, ഉപ്പുകുന്ന്, പെരിങ്ങാശ്ശേരി എന്നീ ഏഴ് ക്ഷീരോത്പാദക സഹകരണ സംഘത്തിൽ പാലളക്കുന്ന ക്ഷീര കർഷകർക്കാണ് പദ്ധതി പ്രകാരം പാലിന് സബ്സിഡി നൽകിയിരിക്കുന്നത്. ഗ്രാമപഞ്ചായത്ത് വിഹിതം പൂർണ്ണമായും ചെലവഴിച്ച് ജൂൺ, ജൂലൈ എന്നീ രണ്ട് മാസങ്ങളിലെ സബ്സിഡി നൽകിയിരിക്കുന്നു. ജില്ലാപഞ്ചായത്ത് വിഹിതമായി ₹10,00,000/- വകയിരുത്തിയിരുന്നുവെങ്കിലും ₹6,49,473/- മാത്രമാണ് ചെലവഴിച്ചത്. പ്രസ്തുത തുക ഉപയോഗിച്ച് ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലെ സബ്സിഡി നൽകിയിരിക്കുന്നു. ആകെ ₹18,00,000/- വകയിരുത്തിയെങ്കിലും ₹14,49,473/- മാത്രമാണ് ചെലവഴിച്ചത്. ക്ഷീര കർഷകർ ധാരാളമുള്ള പഞ്ചായത്തിൽ ആവശ്യത്തിന് തുക വകയിരുത്താത്തത് മൂലവും ജില്ലാ പഞ്ചായത്തിൽ നിന്നുള്ള തുക പൂർണ്ണമായും ലഭിക്കാത്തത് മൂലവും അവശേഷിച്ച എട്ട് മാസത്തെ സബ്സിഡി വിതരണം നടത്തിയിട്ടില്ല.

ഉത്പാദന മേഖലയായ ക്ഷീര മേഖലയിൽ കർഷകർക്ക് കൈത്താങ്ങ് ആയി അനുവദിക്കേണ്ട ധനസഹായം വർഷം മുഴുവൻ വിതരണം നടത്തുന്നതിനാവശ്യമായ തുക വകയിരുത്താനും മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും വകയിരുത്തുന്ന തുക പൂർണ്ണമായും ലഭിക്കുന്നുണ്ട് എന്ന് ഉറപ്പാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-5 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 12368 | 857786 | 870154 | 866446 | 3708 |
| തൊഴിൽ കൂലി | | 42089376 | 42089376 | 42089376 | |

## 1-6 ക്ഷേമ പെൻഷനുകൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 45000 | 12 |
| വിധവ പെൻഷൻ | 11074800 | 338 |
| കർഷക തൊഴിലാളി പെൻഷൻ | 4066800 | 175 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 759700 | 113 |
| വാർദ്ധക്യകാല പെൻഷൻ | 39900300 | 2278 |
| വികലാംഗ പെൻഷൻ | 4969600 | 386 |

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.02.2023ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹12,581/- ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ഓർഡർ പ്രകാരം ജോലി വിഭജനം നടത്തുന്നുണ്ട്. സ്ഥലം മാറിപ്പോകുന്ന ഉദ്യോഗസ്ഥർ ഫയലുകളും രേഖകളും കൈമാറ്റം ചെയ്യുന്നില്ല. വസ്തു നികുതി പിരിവ് മോണിട്ടറിംഗ് നടത്തുന്നില്ല. പൊതുമരാമത്ത് പ്രവൃത്തികളുടെ കരാർ ഉടമ്പടി രജിസ്റ്റർ, ക്യാഷ്ബുക്ക്, ആസ്തി രജിസ്റ്റർ

എന്നിവ കാലികമാക്കി പരിപാലിക്കുന്നില്ല. ഫയലുകൾ കുറിപ്പ് സഹിതം സെക്ഷനുകളുടെ സീൽ പതിച്ച് ഒപ്പ് വെച്ച് പരിപാലിക്കുകയോ തൻപതിവേട് യഥാവിധി പരിപാലിക്കുകയോ ചെയ്യുന്നില്ല. വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികൾ ചർച്ച ചെയ്യുന്ന വിഷയങ്ങൾ അജൻഡയിൽ ഉൾപ്പെടുത്തുന്നില്ല. പ്രോജക്ടുകൾ അവലോകനം നടത്തുന്നില്ല. തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. വാങ്ങിയ സാധന സാമഗ്രികൾ സംബന്ധിച്ച് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടെങ്കിലും കൈപ്പറ്റുന്ന ആളുടെ വിവരം രേഖപ്പെടുത്തുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല.

സ്റ്റാൻഡിംഗ് കമ്മിറ്റികൾ ചേരുമ്പോൾ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ച് പ്രോജക്ടുകളുടെ പുരോഗതി വിലയിരുത്തേണ്ടതാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ വസ്തു നികുതി പിരിവ്, ഓഡിറ്റ് ഒബ്ജക്ഷൻ ഒഴിവാക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ, ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ച് ചർച്ച ചെയ്യുന്നില്ല. വാർഷിക പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ കാര്യക്ഷമമായ മോണിട്ടറിംഗ് നടപ്പിലാക്കുന്നില്ല.

പഞ്ചായത്തിൽ 13 വിവിധ വർക്കിംഗ് ഗ്രൂപ്പുകൾക്ക് രൂപം നല്കിയിട്ടുണ്ടെങ്കിലും അവയൊന്നും തന്നെ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. ഓഡിറ്റ് വർഷത്തിൽ ഒരു യോഗം മാത്രമാണ് ചേർന്നിട്ടുള്ളത്. പ്രസ്തുത യോഗത്തിന്റെ ഹാജർ രേഖപ്പെടുത്തിയതല്ലാതെ മിനിട്സ് ബുക്കിൽ മറ്റ് രേഖപ്പെടുത്തലുകളില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ ഫലപ്രദവും കാര്യക്ഷമവുമായ പ്രവർത്തനം പദ്ധതി നിർവ്വഹണത്തിന് അത്യന്താപേക്ഷിതമായതിനാൽ ഭരണ സമിതി ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള വിവിധ മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിലും പദ്ധതി പുരോഗതി വിലയിരുത്തി അനുവദിച്ച പദ്ധതിപ്പണം, സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തുവാനും സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് സാധിച്ചിട്ടില്ല.

പ്രതിമാസ വരവ്-ചെലവ് കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടോയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതുണ്ട്.

1- 8-1 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ, മറ്റ് സ്ഥാപനങ്ങൾ, വകുപ്പുകൾ തുടങ്ങിയവ നൽകുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ്, മിച്ചം വന്ന തുകയുടെ

തിരിച്ചടവ് തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല. വിവിധ ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ രേഖപ്പെടുത്താത്തതിനാൽ വാർഷിക കണക്കുകളിൽ കൊടുത്തിരിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കുന്നതിന് സാധിക്കുന്നില്ല.

1-8-2 മുൻകൂർ രജിസ്റ്റർ

മുൻകൂർ രജിസ്റ്ററിൽ ഓണം മുൻകൂർ വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വാർഷിക കണക്കുകൾ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർക്കുള്ള മുൻകൂർ, മറ്റുള്ളവർക്കുള്ള മുൻകൂർ എന്നിവയിൽ മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ, രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

1-8-3 സ്റ്റോക്ക് രജിസ്റ്റർ

വാങ്ങുന്ന സ്റ്റോക്കുകളുടെ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ബിൽ/വൗച്ചർ വിവരങ്ങൾ, പർച്ചേസ് ബിൽ വിവരങ്ങൾ, സ്പെസിഫിക്കേഷൻ വാറണ്ടി സ്റ്റോക്കിന്റെ മൂല്യം തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. സാമ്പത്തിക വർഷാവസാനം സ്റ്റോക്കുകളുടെ ഭൗതിക പരിശോധന നടത്തി റിപ്പോർട്ട് രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

1-8-4 സ്യൂട്ട് രജിസ്റ്റർ

സ്യൂട്ട് രജിസ്റ്റർ പരിപാലിക്കുന്നുണ്ടെങ്കിലും എല്ലാ കോളത്തിലും ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തുന്നില്ല. അതിനാൽ, കേസുകളുടെ തൽസ്ഥിതി സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ നിന്നും വ്യക്തമായി അറിയുന്നതിന് സാധിക്കുന്നില്ല.

1-8-5 ഓഡിറ്റ് റിക്കവറി രജിസ്റ്റർ

ഓഡിറ്റ് റിക്കവറി രജിസ്റ്ററിൽ വിവിധ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലെ ഖണ്ഡികകളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ഖണ്ഡികകളിൽ പരാമർശിച്ചിട്ടുള്ള നഷ്ടോത്തരവാദിത്വം സംബന്ധിച്ച വിവരങ്ങൾ, തുക തിരികെ ഒടുക്കിയിട്ടുള്ളതിന്റെ വിവരങ്ങൾ എന്നിവ ചേർത്ത് കാലികമാക്കിയിട്ടില്ല.

1-8-6 ഡെപ്പോസിറ്റ് രജിസ്റ്റർ

ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല. ഡെപ്പോസിറ്റുകളുടെ റീഫണ്ട് വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി അധികൃതമാക്കിയിട്ടില്ല. എല്ലാ കോളത്തിലും ആവശ്യമായ രേഖപ്പെടുത്തൽ നടത്തിയിട്ടില്ല.

1-9 വാർഷിക കണക്കിലെ അപാകതകൾ

1) അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരം വാർഷിക കണക്കുകൾക്കൊപ്പം ഉൾപ്പെടുത്തേണ്ട അക്കൗണ്ടിംഗ്

നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

2) വാർഷിക കണക്ക് ബി-5, ബി-16 എന്നിവയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല.

3) ബാലൻസ് ഷീറ്റ് ബി-7 പ്രകാരം വിവിധയിനം ഡെപ്പോസിറ്റ് ഇനത്തിൽ ₹10,60,879/- നീക്കിയിരിപ്പുണ്ട്. ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഇത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ ഇല്ല.

4) ബാലൻസ് ഷീറ്റ് ബി-11 പ്രകാരമുള്ള ആസ്തികൾക്ക് ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ വർക്ക് ഷീറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

5) ഓഡിറ്റ് വർഷം വി.ഇ.ഒ. ഓഡിറ്റ് റിക്കവറി ഇനത്തിൽ ₹50,000/- അടവാക്കിയിട്ടുണ്ട്. തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

6) വാർഷിക കണക്ക് പ്രകാരം ജീവനക്കാരുടെ തൊഴിൽ നികുതി, ഡിമാന്റ്, കളക്ഷൻ തുകകൾ യഥാക്രമം ₹6,87,020/-, ₹6,50,520/- എന്നിവയാണ്. വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല.

7) പൈക്ക ഇനത്തിലെ നീക്കിയിരിപ്പ് ബി–4, ബി-17 പ്രകാരം യഥാക്രമം ₹8,937/-, ₹9,409/- തുകകളാണ്. വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല.

8) ലോൺ രജിസ്റ്ററിൽ പലിശ വരവുകൾ ഉൾപ്പെടുത്തി യഥാവിധി എഴുതി തയ്യാറാക്കിയിട്ടില്ല.

9) ബാലൻസ് ഷീറ്റ് ബി–9 (ഹെഡ്–350300106)ൽ റവന്യൂ റിക്കവറി ഇനത്തിൽ ₹14,733/- വരവ് വന്നത് നിശ്ചിത ഹെഡിൽ ഒടുക്കാതെ സൂക്ഷിച്ചിരിക്കുന്നു.

10) 350800299 ഹെഡിൽ Other Liability-യിൽ ചേർത്തിരിക്കുന്ന ₹1,19,266/-യുടെ കൃത്യത വ്യക്തമല്ല.

11) അഡ്വാൻസ് രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആയതിനാൽ ബി–18-ലെ തുകകളുടെ കൃത്യത ഉറപ്പാക്കാനായിട്ടില്ല.

12) ബാങ്ക് റിക്കൺസിലേഷൻ സ്റ്റേറ്റ്മെന്റ് സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

13) ഗുണഭോക്തൃ വിഹിതം ഇനത്തിൽ ₹5,13,256/- നീക്കിയിരിപ്പ് ഉണ്ട്. എന്നാൽ ഏത് പദ്ധതിയിൽ നിന്നുള്ള ഗുണഭോക്തൃ വിഹിതമാണ് എന്ന് വ്യക്തമല്ല.

14) ഇ-ടെണ്ടർ മുഖേനയുള്ള പൊതുമരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട ടെണ്ടർ ഫീ ഇനത്തിലുള്ള തൻവർഷത്തെ വരവ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-10 വസ്തു നികുതി ഈടാക്കാത്ത കെട്ടിടങ്ങൾ

പഞ്ചായത്തിലെ താഴെ സൂചിപ്പിക്കുന്ന കെട്ടിടങ്ങൾ വസ്തു നികുതി ഒഴിവാക്കിയവയുടെ ഗണത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നം. | കെട്ടിട നം. | ഉടമയുടെ വിവരം | വിസ്തീർണ്ണം (ച.മീ.) |
|---|---|---|---|
| 1 | 16/430 | സി.എം.ഒ., പി.ജി.എം., ബി.എസ്.എൻ.എൽ, എറണാകുളം | 225 |
| 2 | 3/168 | പ്രൊജക്ട് ഓഫീസർ, ഖാദി ബോർഡ് | 112 |

| | | | |
|---|---|---|---|
| | 3/169 | | 112 |
| 3 | 3/471 | മദർ സുപ്പീരിയർ, എഫ്. സി. കോൺവെന്റ് | 279 |
| 4 | 5/86 | ശാന്തി ഗിരിജൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 87 |
| 5 | 6/386 | പ്രസിഡന്റ്, കരയോഗ മന്ദിരം | 21 |
| 6 | 8/31 | തിരുവിതാംകൂർ മലയരയ മഹാസഭ | 20 |
| 7 | 8/32 | പ്രസിഡന്റ്, യുവജന കർഷക സമാജം | 30 |
| 8 | 16/169/B | പ്രസിഡന്റ്, സി.എം. വലിയുല്ലാഹി മെമ്മോറിയൽ സെന്റർ | 30 |
| 9 | 9/166 | ഗിരിജൻ വിമൻ ഇൻഡസ്ട്രീസ് | 30 |

എൻക്വയറി നം.12/07-02-2023ന് മറുപടിയായി മുൻ വർഷങ്ങളിൽ വസ്തു നികുതി നിർണ്ണയം നടത്തിയപ്പോൾ ഒഴിവായ കെട്ടിടങ്ങളാണ് ഇവയെന്നാണ് മറുപടി ഹാജരാക്കിയത്. നികുതി ഈടാക്കേണ്ടതായ ടി കെട്ടിടങ്ങൾ യഥാർത്ഥ ഗണത്തിൽ ഉൾപ്പെടുത്തി സപ്ലിമെന്ററി നികുതി നിർണ്ണയം നടത്തി നികുതി ഈടാക്കി ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്.

1-11 ലേലം തുടർ നടപടികൾ സ്വീകരിച്ചില്ല

ഗ്രാമപഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ അപകടകരമായി നിൽക്കുന്ന മരങ്ങളുടെ വിലനിർണ്ണയം അസി. ഫോറസ്റ്റ് കൺസർവ്വേറ്റർ താഴെ സൂചിപ്പിക്കുന്ന പ്രകാരം നിശ്ചയിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ടി മരങ്ങൾ ലേലം നടത്തി തനത് ഫണ്ടിൽ മുതൽക്കൂട്ടിയില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ലേല ഉരുപ്പടി നിൽക്കുന്ന സ്ഥലം | ഇനം | വാല്യുവേഷൻ തീയതി | വില₹ | റിമാർക്സ് |
|---|---|---|---|---|---|
| 1 | വെള്ളന്താനം പി.എച്ച്.സി. സബ്സെന്റർ കോമ്പൗണ്ട് | പ്ലാവ് | എ1-772/2021/ 10-06-2021 | 14727 | 27-07-2021, 16-08-2021, 06-12-2021 എന്നീ ദിവസങ്ങളിൽ ലേലം നടത്തിയെങ്കിലും ആരും പങ്കെടുത്തില്ല. |
| 2 | | പ്ലാവ് വിറക് | | 446 | |
| 3 | കുളപ്പാറ അംഗൻവാടി കെട്ടിടത്തിന് സമീപം | വാക | | 6337 | |
| 4 | | വാക വിറക് | | 396 | |
| 5 | ചീനിക്കുഴി പി.എച്ച്.സി. സബ്ബ്സെന്റർ കോമ്പൗണ്ട് | ആൽ വിറക് | | 109 | |

| | | | | | |
|---|---|---|---|---|---|
| 6 | | ആൽ വിറക് | | 108 | |
| 7 | | ആൽ വിറക് | | 885 | |
| 8 | തട്ടക്കുഴ പി.എച്ച്.സി.-യുടെ സമീപം | പ്ലാവ് | എ1-958/2020 /22-09-2020 | 5812 | ലേലം നടത്തിയിട്ടില്ല |
| 9 | | പ്ലാവ് | | 3236 | |
| 10 | | പ്ലാവ് വിറക് | | 443 | |

ലേലം സംബന്ധിച്ച തുടർ നടപടികൾ അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി(നം. 8/06-02-2023)ക്ക് മറുപടി ഹാജരാക്കി. തടികൾ പുനർ മൂല്യ നിർണ്ണയം നടത്തി ലേലം ചെയ്യുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഉചിതമായ കമ്മിറ്റി തീരുമാന പ്രകാരം ന്യായമായ വില നിർണ്ണയിച്ച് തടി ലേലം അടിയന്തിരമായി നടത്തി, തുക തനത് ഫണ്ടിൽ വരവ് വെയ്ക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-12 ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

പഞ്ചായത്ത് പരിധിയിലുള്ള താഴെ സൂചിപ്പിക്കുന്ന (സഞ്ചയയിൽ വാണിജ്യ ഗണത്തിലുൾപ്പെട്ട) കെട്ടിടങ്ങൾ FACTEOS ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്നില്ല.

| ക്രമ നം. | കെട്ടിട നം. | ഉടമയുടെ വിവരം |
|---|---|---|
| 1 | 1/382 B | ഹനീഷ്, കുന്നത്ത് |
| 2 | 1/388 E | അല്ലി ബേബി, കോട്ടുങ്കൽ |
| 3 | 3/181 C | ബിജു സേവ്യർ,വടക്കേൽ |
| 4 | 3/358 A | സോഫിൻ, പ്രസിഡന്റ്, കർഷക സ്വാശ്രയ സംഘം |
| 5 | 3/400/A | സുന്ദരേശൻ, തകിടിപ്പുറത്ത് |
| 6 | 6/377 A | ജയൻ ഇ. എസ്., ഇലവുംതടത്തിൽ |
| 7 | 10/269 | നാരായണൻ ശിവരാജൻ, കണ്ടത്തിൻകര |
| 8 | 10/270 | ജോയി, പുലികുന്നേൽ |
| 9 | 10/277 | സി.ഡി. രാജൻ, ചുണ്ടാട്ട് |

| | | |
|---|---|---|
| 10 | 10/332 | മേരി ജോർജ്ജ്, ജസ്റ്റിൻ ജോർജ്ജ്, കീരിക്കാട്ട് |
| 11 | 10/421 B | അജു ജോസ്, ആനച്ചാലിൽ |
| 12 | 10/452 | ത്രേസ്യാമ്മ ജോബ്, അറക്കക്കണ്ടത്തിൽ |
| 13 | 12/151/C | ഷിബു കെ. എൻ. കിഴക്കേക്കര |
| 14 | 12/304/B | ഹരികുമാർ ആർ., ശങ്കരവിലാസം |
| 15 | 12/304/C | ഹരികുമാർ ആർ., ശങ്കരവിലാസം |
| 16 | 14/327 | ജെയ്സൺ ജോൺ, ചാരുപറമ്പിൽ |
| 17 | 14/370 | കെ. എൻ. രാജേന്ദ്രൻ, കണ്ടത്തിൻകരയിൽ |
| 18 | 14/455 A | ജോസ് എബ്രഹാം, മോഡൂർ |
| 19 | 15/106 A | ശാന്തമ്മ, കൊച്ചുമടത്തിൽ |
| 20 | 16/473 B | രാജപ്പൻ പിള്ള, ചാമക്കാലായിൽ |
| 21 | 15-1/F To 1/J | മഹേഷ് എം. യു., മഞ്ഞപ്പിള്ളി ഇല്ലം |
| 22 | 15/19A To 19 M | അമ്മിണി ഉലഹന്നാൻ കണ്ണംകുഴിയിൽ |
| 23 | 15/54 To 15/60 | ജോൺസൺ, എറപുഴിക്കര |
| 24 | 15/410 D, E, F, G | സിബി, ആലപ്പാട്ട് |
| 25 | 15/98 A, B, C | ജോൺസൺ, പഴയിടത്ത് |

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 11/07-02-2023ന് മറുപടി ലഭ്യമാക്കിയില്ല. ടി കെട്ടിടങ്ങൾ വാണിജ്യ സ്ഥാപനങ്ങളായി പ്രവർത്തിക്കുന്നുണ്ടോ എന്ന് അന്വേഷണം നടത്തി ആവശ്യമുള്ള പക്ഷം ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-13 വൃക്ക രോഗികൾക്ക് ഡയാലിസിസിന് ധനസഹായം - തുക മരുന്ന് വാങ്ങുന്നതിനായി ചെലവഴിച്ചു

| | |
|---|---|
| പദ്ധതി | വൃക്ക രോഗികൾക്ക് ഡയാലിസിസിന് ധനസഹായം (142) |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) |
| അടങ്കൽ | ₹94400/- (ബ്ലോക്ക് പഞ്ചായത്ത് ഫണ്ട്) |
| ചെലവ്<br>ബിൽ നം./തീയതി | ₹94400/-<br>132/തീ. 13-12-2021 |

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ വൃക്ക രോഗികൾക്ക് ഡയാലിസിസിന്

ധനസഹായം (S0142/22) എന്ന പദ്ധതി ഡയാലിസിസ് രോഗികൾക്ക് ധനസഹായം നൽകുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണ്. സർക്കുലർ നം. ഡി.എ.1/321/2020/തസ്വഭവ/തീയതി. 01.01.2021 പ്രകാരം ഒരു വൃക്ക രോഗിക്ക് ഡയാലിസിസിനായി ആഴ്ചയിൽ പരമാവധി ₹1,000/- ക്രമത്തിൽ പ്രതിമാസം ₹4,000/- വരെ ഡയാലിസിസ് നടത്തുന്ന ആശുപത്രിയുടെ അക്കൗണ്ടിലേക്കാണ് നൽകേണ്ടത്. എന്നാൽ ടി പദ്ധതി നടപ്പാക്കിയപ്പോൾ മരുന്ന് വാങ്ങി സ്റ്റോക്കിൽ ഉൾപ്പെടുത്തിയതായി കാണുന്നു. ഇത് വൃക്ക രോഗികൾക്ക് വിതരണം നടത്തിയതായുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല. വൃക്ക രോഗികൾക്ക് ധനസഹായം നൽകുന്നതിന് പകരം മരുന്ന് വാങ്ങിയത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം. 15/09-02-2023 നൽകിയിരുന്നു. മരുന്ന് വാങ്ങിയത് HMC കമ്മിറ്റി തീരുമാന പ്രകാരമാണെന്ന് മറുപടി ഹാജരാക്കി. എന്നാൽ രോഗികളുടെ വിവരങ്ങളോ രോഗികൾക്ക് ടി മരുന്നുകൾ വിതരണം ചെയ്തതിന്റെ വിവരമോ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. പദ്ധതിയിൽ വിഭാവനം ചെയ്യാത്ത കാര്യങ്ങൾ നടപ്പാക്കുന്നത് സർക്കാർ മാനദണ്ഡങ്ങൾക്ക് വിരുദ്ധമാണ്. വൃക്ക രോഗികളുടെ വിവരങ്ങളും മരുന്ന് വിതരണം ചെയ്തതിന്റെ രേഖകളും ഹാജരാക്കുന്നത് വരെ പദ്ധതി ചെലവായ ₹94,400/- തടസ്സപ്പെടുത്തുന്നു.

### 1-14 പദ്ധതിയിൽ വിഭാവനം ചെയ്യാത്ത ഇനം വാങ്ങിയതിനാൽ അധികച്ചെലവ്

മെഡിക്കൽ ഓഫീസർ പി.എച്ച്.സി. നിർവ്വഹണം നടത്തിയ പി.എച്ച്.സി.-യിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ, യു.പി.എസ്. വാങ്ങൽ (S0046) എന്ന പദ്ധതിയിൽ ഫാർമസിയുടെ ആവശ്യത്തിനായി ഒരു കമ്പ്യൂട്ടർ, യു.പി.എസ്., പ്രിന്റർ എന്നിവ വാങ്ങുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. എന്നാൽ 01-11-2021 ലെ ബിൽ നം.21100952002700592727 പ്രകാരം ആർ. ജെ. എന്റർപ്രൈസസ്, വടവാളൂർ എന്ന സ്ഥാപനത്തിൽ നിന്നും താഴെ സൂചിപ്പിക്കുന്ന ഇനങ്ങളാണ് വാങ്ങിയിരിക്കുന്നത്. ഇവ സ്റ്റോക്കിൽ ഉൾപെടുത്തിയിട്ടുണ്ട്.

| ഇനം | തുക ₹ |
|---|---|
| ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ | 46500 |
| കമ്പ്യൂട്ടർ യുപിഎസ് | 3100 |
| കമ്പ്യൂട്ടർ ടേബിൾ | 4966 |
| ലാപ്ടോപ് കമ്പ്യൂട്ടർ | 54240 |
| പ്രിന്റർ | 39998 |
| ആകെ | 148804 |

ഇതിൽ പദ്ധതിയിൽ വിഭാവനം ചെയ്യാത്ത ലാപ്ടോപ്, കമ്പ്യൂട്ടർ ടേബിൾ എന്നിവ

അധികമായി വാങ്ങിയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.15/09-02-2023 നൽകിയിരുന്നു. എച്ച്.എം.സി. കമ്മിറ്റി തീരുമാന പ്രകാരമാണ് ഇപ്രകാരം അധികമായി ലാപ്ടോപ് വാങ്ങിയതെന്ന് മറുപടി ഹാജരാക്കി. പദ്ധതി തയ്യാറാക്കുമ്പോൾ മാർഗ്ഗരേഖ പ്രകാരവും ആവശ്യമുള്ളവ എല്ലാം ഉൾക്കൊള്ളിച്ചും വേണം തയ്യാറാക്കേണ്ടത്. കൂട്ടിച്ചേർക്കൽ ഉള്ള പക്ഷം പ്രൊജക്ട് പരിഷ്കരിച്ച് അംഗീകാരം വാങ്ങി മാത്രമേ പദ്ധതി നടപ്പാക്കാവൂ. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതെ ശ്രദ്ധിക്കേണ്ടതാണ്.

1-15 അംഗൻവാടി പോഷകാഹാരം - കുറവായി വിതരണം നടത്തി

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അംഗൻവാടി പോഷകാഹാരം (പ്രോജക്ട് നം.17) എന്ന പദ്ധതിയിൽ സപ്ലൈകോയുടെ 05.05.2021ലെ 0601103/2021 നമ്പർ ബില്ല് പ്രകാരം 955 കിലോഗ്രാം ചെറുപയർ വാങ്ങിയിട്ടുണ്ട് (ബിൽ നം.21100952003100226582/തീ. 22-07-2021, ₹555649).. മെയ് 2021ലെ വിതരണ ലിസ്റ്റ് പ്രകാരം ചീനിക്കുഴി അംഗൻവാടിക്ക് 40 കിലോഗ്രാം ചെറുപയർ വിതരണം നടത്തിയതായി കാണുന്നു. എന്നാൽ അംഗൻവാടിയുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചപ്പോൾ 20 കിലോഗ്രാം മാത്രം ലഭ്യമായതായും വിതരണം ചെയ്തതായും കണ്ടു. നിലവിൽ അവശേഷിക്കുന്ന സ്റ്റോക്കും ഇതനുസരിച്ചാണ് രേഖപ്പെടുത്തിയിരിക്കുന്നത്. വിതരണം ചെയ്തതിൽ 20 കിലോഗ്രാം കുറവ് സംഭവിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.19/10-02-2023 നൽകിയിരുന്നു. അംഗൻവാടിയിൽ സാധനങ്ങൾ എത്തിച്ച് നൽകുന്നത് കോൺട്രാക്ടർ ആണെന്നും 40 കിലോഗ്രാം കൈപ്പറ്റിയതായി രേഖയുണ്ടെന്നും മറുപടി ലഭ്യമാക്കി. ഹാജരാക്കിയ മറുപടി തൃപ്തികരമല്ല. അംഗനവാടികളിൽ എത്തിച്ച് നൽകുന്ന ഭക്ഷ്യ ധാന്യങ്ങൾ സ്റ്റോക്കിലെടുക്കുന്നതിന്റെ കൃത്യത പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. സ്റ്റോക്കിൽ സാധനം കുറവായതിന് അന്വേഷണം നടത്തി കുറവായി ലഭ്യമാക്കിയതിന് തുല്യമായ തുക ₹1,860/- (₹90x20 KG) ഉത്തരവാദിയിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. ടി ചെലവിനാസ്പദമായ തുക ₹1,860/- തടസ്സപ്പെടുത്തുന്നു.

1-16 ബഡ്സ് സ്കൂൾ നിർമ്മാണം - പദ്ധതി ലക്ഷ്യം കണ്ടില്ല

| | |
|---|---|
| പ്രോജക്ട് | 100/20 (108/22) ബഡ്സ് സ്കൂൾ നിർമ്മാണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |
| അടങ്കൽ | ₹1000000/- (സി.എഫ്.സി.)<br>₹400000/- (ബ്ലോക്ക് പഞ്ചായത്ത്)<br>₹2500000/- (ജില്ലാ പഞ്ചായത്ത്) |

| | | |
|---|---|---|
| ബിൽ നം./തീയതി/തുക | 1) 20100952004301452056/31.03.2021<br>2) 22100616/21.12.2021<br>3) 201100952004300657112/16.11.21<br>ആകെ | ₹381589/-<br>₹862440/-<br>₹388306/-<br>₹1632335/- |

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 വർഷം ആരംഭിച്ചതും ഇപ്പോഴും പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നതുമായ ബഡ്സ് സ്കൂൾ നിർമ്മാണം എന്ന പദ്ധതിയിൽപ്പെടുത്തി 2021-22 വരെ ആകെ ₹16,32,335/- ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പ്രവൃത്തി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് 09.02.2023ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 16ന് ലഭ്യമാക്കിയ മറുപടിയിൽ പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം 2019-20ൽ പദ്ധതി ഏറ്റെടുക്കുവാൻ കമ്മിറ്റി തീരുമാനിക്കുകയും മാനസിക വെല്ലുവിളി നേരിടുന്നവരുടെ പുനരധിവാസം ലക്ഷ്യമിട്ടുകൊണ്ടാണ് ഈ സംരംഭം ഏറ്റെടുത്തിട്ടുള്ളതെന്നും കെട്ടിടത്തിന്റെ സ്ട്രക്ചർ മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളതെന്നും പഞ്ചായത്തിൽ നിലവിൽ ബഡ്സ് സ്കൂൾ പ്രവൃത്തിക്കുന്നില്ലെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചതിന് ശേഷം സർക്കാരിൽ നിന്നും അംഗീകാരം വാങ്ങി 2023-24 അദ്ധ്യയന വർഷം പ്രവർത്തനം തുടങ്ങുന്നതിനാണ് ലക്ഷ്യമിടുന്നതെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ കെട്ടിട നിർമ്മാണത്തിന് മുമ്പ് പദ്ധതിയെ സംബന്ധിച്ച് ഫീസിബിലിറ്റി സ്റ്റഡി നടത്തിയിട്ടില്ല. പഞ്ചായത്ത് പ്രദേശത്ത് ബഡ്സ് സ്കൂൾ നടത്തിപ്പിന്റെ അനിവാര്യത ഉറപ്പാക്കുന്നതിന് അത്തരത്തിലുള്ള കുട്ടികൾ ഉണ്ടോയെന്നുള്ള വിവര ശേഖരണം നടത്തിയതായും കാണുന്നില്ല. കെട്ടിട നിർമ്മാണത്തിന്റെ പേരിൽ പദ്ധതി അനന്തമായി നീട്ടിക്കൊണ്ട് പോകുന്നത് ഉചിതമല്ല. കെട്ടിട നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കാൻ ഭരണ സമിതി തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

1-17 ഇലക്ഷൻ നിക്ഷേപ തുക മുതൽ കൂട്ടിയില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 144(4) വകുപ്പ് അനുസരിച്ച്, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലേക്ക് നടക്കുന്ന തെരഞ്ഞെടുപ്പിൽ ആകെ പോൾ ചെയ്യപ്പെട്ട സാധുവായ വോട്ടുകളുടെ ആറിൽ ഒന്ന് (1/6) എണ്ണം വോട്ടുകൾ കരസ്ഥമാക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപ തുക പഞ്ചായത്ത് ഫണ്ടിലേക്ക് കണ്ടുകെട്ടേണ്ടതാണ്. ധനകാര്യ പത്രിക പ്രകാരം പ്രസ്തുത ഇനത്തിൽ ₹66,500/- നീക്കിയിരിപ്പുണ്ട്. എന്നാൽ 2020 ഡിസംബർ മാസം നടന്ന തെരഞ്ഞെടുപ്പിൽ വിജയവും പ്രസ്തുത എണ്ണം വോട്ടും ലഭിക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപം കണ്ടുകെട്ടാൻ നടപടികളായിട്ടില്ല. വരണാധികാരിയിൽ നിന്ന് ലഭിച്ച തെരഞ്ഞെടുപ്പ് ഫലം അടിസ്ഥാനപ്പെടുത്തി

പ്രസ്തുത നിക്ഷേപം പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടാൻ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

### 1-18 ഹരിത കർമ്മ സേന - വയബിലിറ്റി ഗ്യാപ്പ് ഫണ്ടിംഗ് - തുക വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല - തടസ്സം ₹99,000/-

| | |
|---|---|
| പ്രോജക്ട് | 209/22, ഹരിത കർമ്മ സേന - വയബിലിറ്റി ഗ്യാപ്പ് ഫണ്ടിംഗ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | ₹150000/- |
| ബിൽ നം./തീയതി/തുക | 21100952004801390078/21.03.2022, ₹99000/- |

മേൽ പദ്ധതി പ്രകാരം ഹരിത കർമ്മ സേനയിലെ 30 അംഗങ്ങൾക്ക് ഹോണറേറിയം നൽകുന്നതിന് ₹3,300/- നിരക്കിൽ ആകെ ₹99,000/- ഹരിത കർമ്മ സേനയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടെങ്കിലും പ്രസ്തുത തുക ഓരോ അംഗങ്ങൾക്കും വിതരണം ചെയ്തത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ആയതിനാൽ ₹99,000/-യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തുക ട്രാൻസ്ഫർ ചെയ്ത ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

### 1-19 മരിച്ചുപോയ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് സാമൂഹ്യക്ഷേമ പെൻഷൻ ആനുകൂല്യം നൽകി

ഗ്രാമപഞ്ചായത്തിൽ സാമൂഹ്യ ക്ഷേമ പെൻഷൻ വിതരണം സംബന്ധിച്ച് സേവന സോഫ്റ്റ്‌വെയറിലും 01-04-2021 മുതലുള്ള പഞ്ചായത്തിലെ മരണ റിപ്പോർട്ടും പരിശോധിച്ചപ്പോൾ ചുവടെ സൂചിപ്പിക്കുന്ന ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് അവർ മരണപ്പെട്ടതിന് ശേഷവും പെൻഷൻ നിക്ഷേപിക്കുകയോ തുക അനുവദിക്കുകയോ ചെയ്തിട്ടുണ്ട്.

1. പെൻഷൻ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചതിന്റെ വിശദാംശങ്ങൾ

| ക്രമ നം. | പേര് | മരണപ്പെട്ട തീയതി | അനർഹമായി തുക നൽകിയ മാസം | സ്റ്റാറ്റസ് | പെൻഷൻ ഇനം | അധികം നൽകിയ തുക (₹) |
|---|---|---|---|---|---|---|
| 1 | മാധവൻ വി.എ. | 29.08.2020 | 8/20-1/21 | സസ്പെൻഡ് | കർഷക തൊഴിലാളി പെൻഷൻ | 7200 |
| 2 | നന്ദിനി മാധവൻ | 03.05.2021 | 5/21 | സസ്പെൻഡ് | വാർദ്ധക്യകാല പെൻഷൻ | 1600 |

| | | | | | | |
|---|---|---|---|---|---|---|
| 3 | ഉണ്ണി വേലായുധൻ | 23.05.2021 | 5/21-6/21 | സസ്പെൻഡ് | വാർദ്ധക്യകാല പെൻഷൻ | 3200 |
| 4 | സാറാമ്മ തോമസ് | 13.05.2021 | 5/21 | സസ്പെൻഡ് | വാർദ്ധക്യകാല പെൻഷൻ | 1600 |
| 5 | സുശീലൻ വി.എം. | 14.06.2021 | 6/21 | സസ്പെൻഡ് | വാർദ്ധക്യകാല പെൻഷൻ | 1600 |
| 6 | റീത്ത ജോർജ് | 15.03.2021 | 3/21-7/21 | സസ്പെൻഡ് | വാർദ്ധക്യകാല പെൻഷൻ | 11100 |
| 7 | ബാലകൃഷ്ണൻ ആദിച്ചൻ | 27.06.2021 | 6/21 | സസ്പെൻഡ് | വാർദ്ധക്യകാല പെൻഷൻ | 1600 |
| 8 | ഭാസ്കരൻ കെ.ആർ. | 15.08.2021 | 8/21 | സസ്പെൻഡ് | വാർദ്ധക്യകാല പെൻഷൻ | 1600 |
| 9 | പൊൻമാല | 20.08.2021 | 8/21 | സസ്പെൻഡ് | വാർദ്ധക്യകാല പെൻഷൻ | 1600 |
| 10 | മറിയാമ്മ | 08.08.2021 | 8/21 | സസ്പെൻഡ് | വാർദ്ധക്യകാല പെൻഷൻ | 1600 |
| 11 | നാച്ചിയുമ്മ | 28.07.2021 | 7/21-8/21 | സസ്പെൻഡ് | വാർദ്ധക്യകാല പെൻഷൻ | 3200 |
| 12 | പാത്തുമ്മ ഇബ്രാഹിം | 07.08.2021 | 8/21 | സസ്പെൻഡ് | വാർദ്ധക്യകാല പെൻഷൻ | 1600 |
| 13 | പങ്കജാക്ഷൻ | 23.08.2021 | 8/21 | സസ്പെൻഡ് | വാർദ്ധക്യകാല പെൻഷൻ | 1600 |
| 14 | നബീസ | 12.09.2021 | 9/21 | സസ്പെൻഡ് | വാർദ്ധക്യകാല പെൻഷൻ | 1600 |
| 15 | പവിത്രൻ കെ. | 05.09.2021 | 9/21-10/21 | സസ്പെൻഡ് | വാർദ്ധക്യകാല പെൻഷൻ | 3200 |
| 16 | തങ്കമ്മ | 29.09.2021 | 9/21-10/21 | സസ്പെൻഡ് | വാർദ്ധക്യകാല പെൻഷൻ | 3200 |

| | | | | | | |
|---|---|---|---|---|---|---|
| 17 | ശങ്കരൻ ചേലക്കുന്നേൽ | 17.10.2021 | 10/21 | സസ്പെൻഡ് | വാർദ്ധക്യകാല പെൻഷൻ | 1600 |
| 18 | അമ്മിണി വേലായുധൻ | 31.07.2021 | 7/21-8/21 | സസ്പെൻഡ് | കർഷക തൊഴിലാളി പെൻഷൻ | 3200 |
| 19 | റാബിയ ഇബ്രാഹിം | 07.11.2021 | 7/21-8/21 | ആക്ടീവ് | വാർദ്ധക്യകാല പെൻഷൻ | 3200 |
| 20 | ഏലിയാമ്മ വർക്കി | 27.11.2021 | 11/21 | ആക്ടീവ് | വാർദ്ധക്യകാല പെൻഷൻ | 1600 |
| 21 | ഗൗരി അച്ചൻകുഞ്ഞ് | 05.12.2021 | 12/21 | സസ്പെൻഡ് | വാർദ്ധക്യകാല പെൻഷൻ | 1600 |
| 22 | വർഗ്ഗീസ് | 12.12.2021 | 12/21-1/22 2/22 | സസ്പെൻഡ് | വാർദ്ധക്യകാല പെൻഷൻ | 4800 |
| 23 | വർക്കി ഔസേപ്പ് | 22.11.2021 | 11/21 | ആക്ടീവ് | വാർദ്ധക്യ കാല പെൻഷൻ | 1600 |
| 24 | റഹീമ കാസിം | 08.12.2021 | 12/21 | ആക്ടീവ് | കർഷക തൊഴിലാളി പെൻഷൻ | 1600 |
| 25 | കനി പി. കെ. | 05.12.2021 | 12/21-1/22 2/22 | ആക്ടീവ് | വാർദ്ധക്യ കാല പെൻഷൻ | 4800 |

ഗ്രാമപഞ്ചായത്തിൽ തൻവർഷം മരണം റിപ്പോർട്ട് ചെയ്യുകയും മരണ സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്യപ്പെട്ടവയിൽ ഏതാനും മാസങ്ങളിലെ വിശദാംശങ്ങൾ പരിശോധിച്ചപ്പോൾ കണ്ടെത്തിയ ഗുണഭോക്താക്കളുടെ മാത്രം വിവരമാണ് മുകളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മറ്റ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ ലഭ്യമായിട്ടില്ല. പല ഗുണഭോക്താക്കളെയും പെൻഷൻ ലിസ്റ്റിൽ നിന്നും ഒഴിവാക്കിയത് മരണം രജിസ്റ്റർ ചെയ്ത് മാസങ്ങൾക്ക് ശേഷമാണെന്നും 2019 വർഷം സർക്കാർ നടപ്പാക്കിയ നിർബന്ധിത മസ്റ്ററിംഗിന് ശേഷം മരണപ്പെട്ട ഏതാനും ഗുണഭോക്താക്കൾക്ക് പെൻഷൻ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടെന്ന് മേൽ പട്ടികയിൽ നിന്ന് വ്യക്തമാണ്. അനർഹരായവരുടെ വിശദാംശങ്ങൾ സമയബന്ധിതമായി അറിയിക്കുകയെന്ന നടപടി ക്രമം ഗ്രാമപഞ്ചായത്തിൽ നിലവിലില്ലാത്തതിനാൽ മറ്റ് തദ്ദേശ സ്ഥാപനങ്ങൾ/ക്ഷേമനിധി ബോർഡുകൾ മുഖേന പെൻഷൻ തുടർന്നും

അനുവദിക്കാനിടയുണ്ട്.

23.09.2020-ലെ സ.ഉ(സാധാ)97/2020/ധന. ഉത്തരവിൽ അനർഹരായ ഗുണഭോക്താക്കളെ ഒഴിവാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മരണപ്പെടുന്നവരുടെയും പുനർ വിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം തന്നെ പെൻഷൻ ഡേറ്റാ ബേസിൽ നിന്നും നീക്കം ചെയ്യേണ്ടതാണെന്ന് ഉത്തരവിലെ ഖണ്ഡിക സി(12)-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഖണ്ഡിക സി(13) പ്രകാരം പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിന് ശേഷവും ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കേണ്ടതാണെന്നും പ്രാദേശിക സർക്കാർ സെക്രട്ടറിമാർ അന്വേഷണത്തിന് ശേഷം പെൻഷൻ ഡേറ്റാ ബേസിൽ നിന്നും ഒഴിവാക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട ശേഷമുള്ള പെൻഷന് അനന്തരാവകാശികൾക്ക് അർഹതയില്ലെന്നും അനർഹമായി തുക കൈപ്പറ്റുന്നപക്ഷം തുക തിരികെ പിടിക്കേണ്ടതാണെന്നും ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. 05.11.2020-ലെ നം.67/2020/ധന. സർക്കുലർ പ്രകാരം മരണപ്പെട്ടവരെയും അനർഹരായവരെയും സമയബന്ധിതമായി പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്ന് ഒഴിവാക്കാത്തപക്ഷം അത് മൂലമുണ്ടാകുന്ന നഷ്ടം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിന്ന് ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

പെൻഷണർ അനർഹനാവുന്ന അവസരത്തിൽ തന്നെ സമയബന്ധിതമായി അറിയിച്ചാൽ മാത്രമേ ബോർഡുകൾക്കും ബാങ്കുകൾക്കും പെൻഷൻ വിതരണം ചെയ്യുന്ന തദ്ദേശ സ്ഥാപനങ്ങൾക്കും അനർഹരായവരെ ഒഴിവാക്കുന്നതിന് സാധിക്കു. നിലവിൽ അനർഹമായി നൽകിയ മേൽ തുകകൾ ബാങ്കിൽ നിന്നോ അനർഹർ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അവരിൽ നിന്നോ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്. സഹകരണ സംഘങ്ങൾ മുഖേന വിതരണം ചെയ്യാത്ത തുക പഞ്ചായത്ത് ഡയറക്ടറുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിലേയ്ക്ക് തിരിച്ചടയ്ക്കണമെന്ന് സ.ഉ(സാധാ)381/2017/ധന., തീ. 17.08.2017-ൽ നിർദ്ദേശിച്ചിട്ടുള്ളത് പാലിക്കുന്നുണ്ടെന്നും ഉറപ്പ് വരുത്തേണ്ടതാണ്.

1-20 മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ - ചെലവ് രേഖകൾ ഹാജരാക്കിയില്ല

| ബിൽ നമ്പർ/തീയതി | തുക ₹ |
|---|---|
| 22100126/29.05.2021 | 160000 |
| ആകെ | 160000 |

16 വാർഡുകളിലേയും മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി ശുചിത്വ മിഷൻ ഫണ്ടിനത്തിലുള്ള ₹1,60,000/- മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) മേൽ സൂചിത വൗച്ചർ പ്രകാരം

ഗ്രാമപഞ്ചായത്തിൽ നിന്നും കൈപ്പറ്റിയിട്ടുണ്ട്. പ്രസ്തുത വൗച്ചറുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ചെലവ് രേഖകളും കണക്കുകളും തയ്യാറാക്കി യഥാസമയം പരിശോധനയ്ക്ക് ഹാജരാക്കുന്നത് ബന്ധപ്പെട്ട പി.എച്ച്.സി.-യിലെ ആരോഗ്യ പ്രവർത്തകരുടെയും ക്ലറിക്കൽ വിഭാഗത്തിന്റെയും ഉത്തരവാദിത്തമാണ്. ആയതിനാൽ ₹1,60,000/-യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-21 കാലിത്തീറ്റ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്ത രേഖകൾ ഹാജരാക്കിയില്ല

വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പദ്ധതികളിൽ, കേരള ഫീഡ്സിൽ നിന്ന് കാലിത്തീറ്റ ലഭ്യമായതിന്റെ അസ്സൽ ബില്ലുകൾ, കാലിത്തീറ്റ സ്റ്റോക്കിലെടുത്തതിന്റെ സ്റ്റോക്ക് രജിസ്റ്റർ (ക്ഷീര സംഘത്തിൽ നിന്നുള്ളത്) ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

1) പദ്ധതി കറവപ്പശുവിന് കാലിത്തീറ്റ വിതരണം (ജനറൽ)

| | |
|---|---|
| പദ്ധതി നമ്പർ | SO076/22 |
| ബിൽ നമ്പർ/തീയതി/തുക | BRN 21100952002600823382/22-12-2021, ₹600875/- |

2) പദ്ധതി - കറവപ്പശുവിന് കാലിത്തീറ്റ വിതരണം (എസ്.സി.)

| | |
|---|---|
| പദ്ധതി നമ്പർ | SO087/22 |
| ബിൽ നംപർ/തീയതി/തുക | 21100952002600823383/22-12-2021, ₹66395 |

3) പദ്ധതി - കറവപ്പശുവിന് കാലിത്തീറ്റ വിതരണം (എസ്.ടി)

| | |
|---|---|
| പദ്ധതി നംപർ | SO096/22 |
| ബിൽ നംപർ/തീയതി/തുക | 21100952002600823384/22-12-2021, ₹126500 |

രേഖകൾ ഹാജരാക്കാത്തതിനാൽ ₹7,93,770/-ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-22 എസ്.എസ്.എ. - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

സമഗ്ര ശിക്ഷാ അഭിയാൻ പദ്ധതിയുടെ ഭാഗമായി ച്ചവടെ കൊടുത്തിരിക്കുന്ന പ്രകാരം ₹9,30,000/- പിൻവലിച്ച് സമഗ്ര ശിക്ഷാ അഭിയാൻ ജില്ലാ കോ-ഓർഡിനേറ്ററുടെ പേരിലുള്ള അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ എസ്.എസ്.എ. വിഹിതം ആവശ്യപ്പെട്ടുകൊണ്ടുള്ള ഡിമാന്റ് നോട്ടീസ്, തുക ഉപയോഗിച്ച് ഗ്രാമപഞ്ചായത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ വിശദമായ വിനിയോഗ സാക്ഷ്യപത്രം എന്നിവ എസ്.എസ്.എ.-യിൽ നിന്നും ലഭ്യമാക്കിയിട്ടില്ല.

| പ്രോജക്ടിന്റെ | അടങ്കൽ | ബിൽ നം./തീയതി | ഫണ്ട് | തുക | നിർവ്വഹണ |
|---|---|---|---|---|---|

| പേര് | (₹) | | | (₹) | ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|
| എസ്.എസ്.എ വിഹിതം- (റ്റി.എസ്.പി) (11/2022) | 88500 വികസന ഫണ്ട് (പട്ടികവർഗ്ഗ വിഭാഗം) | 21100952003000425134 തീയതി. 18.09.21 | വികസന ഫണ്ട് (പട്ടികവർഗ്ഗ വിഭാഗം) | 88500 | ഹെഡ് മാസ്റ്റർ |
| എസ്.എസ്.എ വിഹിതം- (എസ്.സി.പി) (10/2022) | 228640 വികസന ഫണ്ട് (പട്ടികജാതി വിഭാഗം) | 21100952003000425131 തി.18.09.21 | വികസന ഫണ്ട് (പട്ടികജാതിവിഭാഗം) | 228640 | |
| എസ്.എസ്.എ വിഹിതം- (ജനറൽ) (09/2022) | 612860 വികസന ഫണ്ട് (പൊതുവിഭാഗം) | 21100952003000425128 തീ.18.09.21 XVFC/21-22/26.03.22 | വികസന ഫണ്ട് (പൊതുവിഭാഗം) | 300000<br>312860 | |

29.01.2018-ലെ സ.ഉ(കൈ)നം.11/2018/ത.സ്വ.ഭ.വ.-യിലെ ഖണ്ഡിക 7.6(3) പ്രകാരം എ.എസ്.എ., ആർ.എം.എസ്.എ. പ്രോജക്ടുകൾക്ക് തുക വകയിരുത്തണമെന്നും പ്രോജക്ടുകളുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്ഥാപനം മുഖ്യ പങ്ക് വഹിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ തുക കൈമാറിയിട്ടുള്ളതല്ലാതെ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കുന്ന എസ്.എസ്.എ. പ്രോജക്ടുകൾ സംബന്ധിച്ച് യാതൊരു നടപടിയും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

ഗ്രാമ പഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷം എ.എസ്.എ. പ്രകാരം ആവിഷ്കരിച്ച പ്രോജക്ടുകളുടെ നിർവ്വഹണവും ഗ്രാമപഞ്ചായത്ത് കൈമാറിയ തുക ഉൾപ്പെടുത്തി തയ്യാറാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങളും വിനിയോഗ വിവരവും ലഭ്യമാക്കേണ്ടതാണ്. പ്രോജക്ടുകളുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്ഥാപനം മുഖ്യ പങ്ക് വഹിക്കേണ്ടതാണ്. പ്രോജക്ടുകൾക്കായി ചെലവഴിച്ച ₹9,30,000/- തടസ്സപ്പെടുത്തുന്നു.

### 1-23 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - യഥാസമയം മരുന്ന് ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രോജക്ട് | 6/22, ഉടുമ്പന്നൂർ ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| അടങ്കൽ | ₹311052/- |
| ബിൽ നം./തീയതി/തുക | 1) 21100952002900967249/18.01.2022, ₹230000/- |

| | |
|---|---|
| | 2) 21100952002901395911/21.03.2022, ₹81052/- |
| | ആകെ ₹311052/- |

മേൽ പദ്ധതി പ്രകാരം മരുന്ന് വാങ്ങലിനായി ആകെ ₹3,11,052/- കേരള ഹോംകോയിൽ ഒടുക്കിയിരുന്നെങ്കിലും നാളിതുവരെ ₹24,451/-യുടെ മരുന്ന് മാത്രമാണ് ലഭ്യമായിട്ടുള്ളത്. അവശേഷിക്കുന്ന തുകയുടെ മരുന്ന് അടിയന്തരമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. തുക ഒടുക്കി മാസങ്ങൾ കഴിഞ്ഞിട്ടും നാമമാത്രമായാണ് മരുന്ന് ലഭിച്ചിട്ടുള്ളത് എന്നത് ഡിസ്പെൻസറിയുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുവാൻ ഇടയുണ്ട്. ആയതിനാൽ മരുന്ന് വാങ്ങൽ പദ്ധതികൾ സമയബന്ധിതമായി ഏറ്റെടുക്കേണ്ടതും സാമ്പത്തിക വർഷാവസാനം വരെ കാത്തിരിക്കാതെ മുൻകൂട്ടി തുക ഒടുക്കി മരുന്ന് ലഭ്യത ഉറപ്പാക്കേണ്ടതുമാണ്. മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് അവ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-24 വെള്ളക്കരം കുടിശ്ശിക

ഗ്രാമപഞ്ചായത്തിന്റെ കൺസ്യൂമർ നമ്പർ UDB/61N പ്രകാരം കേരളാ വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള സ്ട്രീറ്റ് ടാപ്പുകളുടെ വെള്ളക്കരത്തിന്റെ 30.04.2022 വരെയുള്ള കുടിശ്ശിക ₹1,29,64,139/-യും ആയതിന്റെ പിഴ പലിശയായി ₹2,54,322/-യും തൻമാസത്തെ ഡിമാന്റ് തുകയായ ₹72,350/-യും ഉൾപ്പെടെ ₹1,32,90,811/- അടയ്ക്കണമെന്ന് ആവശ്യപ്പെട്ട് കൊണ്ടുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരളാ വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് ലഭിച്ചിട്ടുള്ളതാണ്. പൊതു ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിനായി ഗ്രാമപഞ്ചായത്തും വാട്ടർ അതോറിറ്റിയുമായി ചേർന്ന് 16.12.2021 തീയതിയിൽ സംയുക്ത പരിശോധന നടത്തുകയും 101 ടാപ്പുകൾ നിലവിൽ പ്രവർത്തനക്ഷമമാണെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ പരിശോധയ്ക്ക് ശേഷവും നിലവിൽ 150 ടാപ്പുകളുടെ എണ്ണത്തിനാണ് ഡിമാന്റ് നോട്ടിസ് ലഭിച്ച കൊണ്ടിരിക്കുന്നത്.

1-25 വിവിധ വാർഡുകളിൽ ബോട്ടിൽ ബൂത്ത് സ്ഥാപിക്കൽ

| | |
|---|---|
| നിർവ്വഹണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| പ്രോജക്റ്റ് നം. | 104/22 |
| അടങ്കൽ | ₹260000/- (CFC) |
| വൗച്ചർ നം./തുക | 22101077/21/22, തീയതി. 30.03.2022, ₹224900/- |

പഞ്ചായത്തിന്റെ വിവിധ വാർഡുകളിലായി 13 ബോട്ടിൽ ബൂത്ത് സ്ഥാപിക്കുന്നതിനുള്ള പദ്ധതിയാണിത്. ടെണ്ടറിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ (13.5% കുറവ്) ഹെലിക്സ് ഏജൻസീസ്, ആലപ്പുഴ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ച് പദ്ധതി നടപ്പാക്കിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ

താഴെ സൂചിപ്പിക്കുന്ന അപാകതകൾ കാണുന്നു.

1. എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. 13 ബോട്ടിൽ ബൂത്ത് സ്ഥാപിക്കുന്നതിന് ₹2,60,000/- വകയിരുത്തിയതിൽ നിന്ന് ഒരു ബോട്ടിൽ ബൂത്തിന് ₹20,000/- വീതമാണ് കണക്കാക്കിയിരിക്കുന്നത് എന്ന് വ്യക്തമാകുന്നു. ₹20,000/- എന്ന തുക കണക്കാക്കിയിരിക്കുന്നത് എന്തിന്റെ അടിസ്ഥാനത്തിലാണ് എന്ന് വ്യക്തമല്ല.

ദർഘാസ് പരസ്യത്തിലെ സ്പെസിഫിക്കേഷൻ

| |
|---|
| എർത്ത് വർക്ക് എസ്കവേഷൻ |
| സിമന്റ് കോൺക്രീറ്റ് ഫോർ ഫിക്സിംഗ് പോസ്റ്റ് |
| സ്റ്റീൽ വർക്ക് ഫോർ കേജ് (ബോട്ടിൽ ഷേപ്പ് 16 ഗേജ്) |
| പെയിന്റിംഗ് വിത്ത് സിന്തറ്റിക് ഇനാമെൽ പെയിന്റ് |
| ഫിക്സിംഗ് നെയിം പ്ലേറ്റ് |

ഇത്രയും മാത്രമാണ് സ്പെസിഫിക്കേഷനായി ടെണ്ടറിൽ ഉൾപ്പെടുത്തിരിക്കുന്നത്. ഓരോ ഇനവും എത്ര അളവിൽ ചെയ്യണമെന്നോ ഓരോ ഇനത്തിനും ആവശ്യമായ തുകയോ കണക്കാക്കാതെയാണ് ആകെ ഒരു ബോട്ടിൽ ബൂത്തിന്റെ നിരക്ക് ₹20,000/- എന്ന് നിശ്ചയിച്ചിരിക്കുന്നത്. എസ്റ്റിമേറ്റ് തയ്യാറാക്കുകയോ ബോട്ടിൽ ബൂത്തിന് ഉപയോഗിക്കേണ്ട സ്റ്റീലിന്റെ വലുപ്പം ബോട്ടിൽ ബൂത്തിന്റെ വ്യാസം, ഉയരം എന്നിവയും ആകെ ആവശ്യമായ സ്റ്റീലിന്റെ അളവ്, കോൺക്രീറ്റ് പ്രവൃത്തിയുടെ അളവ്, മൺപണിയുടെ അളവ് എന്നിവയൊന്നും എസ്റ്റിമേറ്റ് തയ്യാറാക്കി കണക്കാക്കാതെയാണ് നിരക്ക് ₹20,000/- നിശ്ചയിച്ച് ടെണ്ടർ നടത്തി പദ്ധതി നടപ്പാക്കിയിരിക്കുന്നത്. .

2. ടെണ്ടർ നോട്ടീസ് പ്രകാരം ജി.എസ്.ടി. രജിസ്ട്രേഷനുള്ള കേരള ശുചിത്വ മിഷന്റെ അംഗീകാരമുള്ള സ്ഥാപനങ്ങളാണ് ടെണ്ടറിൽ പങ്കെടുക്കേണ്ടത്. ആകെ മൂന്ന് സ്ഥാപനങ്ങളുടെ ടെണ്ടറുകൾ ഫയലിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഇതിൽ ഒരു സ്ഥാപനത്തിന്റെ ജി.എസ്.ടി. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് മാത്രമാണ് ഫയലിൽ ലഭ്യമായിട്ടുള്ളത്. ശുചിത്വ മിഷന്റെ അംഗീകാരം കാണിക്കുന്ന രേഖകളൊന്നും തന്നെ ലഭിച്ചിട്ടുമില്ല. അയതിനാൽ അംഗീകരിക്കാവുന്ന ടെണ്ടറുകൾ ഒന്നും തന്നെയില്ല എന്നിരിക്കെയാണ് പദ്ധതി നിർവ്വഹണം നടത്തിയിരിക്കുന്നത്. ടെണ്ടർ നോട്ടീസ് പുറപ്പെടുവിച്ചത് 23.12.2021നും ടെണ്ടർ ഓപ്പൺ ചെയ്തത് 04.01.2022ലും ആണ്. റീ ടെണ്ടർ നടത്തുന്നതിന് സമയമുണ്ടായിരുന്നിട്ടും ആയത് നടത്തിയിട്ടില്ല.

3. സ്ഥാപിച്ചിരിക്കുന്ന ബോട്ടിൽ ബൂത്തുകളുടെ മൂല്യനിർണ്ണയം നടത്തിയിട്ടില്ല.

മേൽ അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് അന്വേഷണം നമ്പർ

14/08.02.2023 നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ ₹2,24,900/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-26 തെരുവ് വിളക്ക് പരിപാലനം - ആവശ്യമായ രേഖകളില്ല

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 122/22 |
| അടങ്കൽ | ₹150000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| വൗച്ചർ നമ്പർ | 22101045/2021-22, തീ. 18.03.22, ₹101310/- |

ടെണ്ടർ പ്രകാരം ബിനോയ് തോമസ് എന്ന കരാറുകാരനെ തെരുവ് വിളക്ക് പരിപാലനം എന്ന പദ്ധതി നടപ്പാക്കുന്നതിന് ചുമതലപ്പെടുത്തിയിരിക്കുന്നു. എന്നാൽ തെരുവ് വിളക്കുകളുടെ എണ്ണം, തരം, അവ ഏതൊക്കെ വാർഡുകളിൽ, എത്ര എണ്ണമാണ് മെയിന്റനൻസ് നടത്തേണ്ടത് എന്നിങ്ങനെയുള്ള അടിസ്ഥാന വിവരങ്ങൾ പഞ്ചായത്തിൽ ഇല്ലാതെയാണ് പദ്ധതി ആസൂത്രണം ചെയ്ത് തുക വകയിരുത്തിയത്. കൂടാതെ എത്ര എണ്ണം മെയിന്റനൻസ് നടത്തിയിരിക്കുന്നു എന്നതിന്റെ രേഖയോ മെയിന്റനൻസ് മോണിട്ടർ ചെയ്തതിന്റെ രേഖയോ ഇല്ലാതെയാണ് ₹1,01,310/- കരാറുകാരന് നൽകിയിരിക്കുന്നത്.

തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണിയും സംരക്ഷണവും മാർഗ്ഗരേഖ 2011 (16.09.2011ലെ 3055/ഡി.എ. 3/2011)ലെ നിർദ്ദേശങ്ങൾ കർശനമായി പാലിച്ചുകൊണ്ട് തെരുവ് വിളക്കുകളുടെ പരിപാലനവും റിപ്പയറും നടപ്പിലാക്കണമെന്ന് പഞ്ചായത്ത് ഡയറക്ടറുടെ 29.05.2018ലെ 269/ഡി.എ.3/2018 സർക്കുലറിൽ നിർദ്ദേശമുണ്ട്. ഇത് പ്രകാരമുള്ള താഴെ സൂചിപ്പിക്കുന്ന നിർദ്ദേശങ്ങളും പാലിക്കുന്നില്ല.

1. വാർഡ് അടിസ്ഥാനത്തിലുള്ള തെരുവ് വിളക്കുകളുടെ എണ്ണം സൂചിപ്പിക്കുന്ന രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഇതുമൂലം ഏതൊക്കെ വാർഡിൽ എത്രയെണ്ണം വീതം സ്ഥാപിച്ചിരിക്കുന്നു എന്ന വ്യക്തമായ കണക്ക് പഞ്ചായത്തിലില്ല.

2. തെരുവ് വിളക്കുകളുടെ പരാതി രേഖപ്പെടുത്തുന്ന രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഇത് മൂലം കേടായ ലൈറ്റുകളുടെ കൃത്യമായ എണ്ണം നിർണ്ണയിക്കാൻ സാധിക്കാതെ വരുന്നു.

3. ഒടുക്കുന്ന വൈദ്യുതി ചാർജ്ജ് ഏതൊക്കെ വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള തെരുവ് വിളക്കുകളുടേതാണെന്നും ആയതിന്റെ തരം ഏതെന്നും സൂചിപ്പിക്കുന്ന രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

രജിസ്റ്ററുകൾ കൃത്യമായി തയ്യാറാക്കുന്നതിനും തെരുവ് വിളക്ക് കറണ്ട് ചാർജ്ജിന്റെ കൃത്യത ഉറപ്പാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

1-27 ഡെപ്പോസിറ്റ് പ്രവൃത്തി - പൂർത്തീകരണ വിവരമില്ല

ഉടുമ്പന്നൂർ – ഇടമറുക് റോഡ് പുനരുദ്ധാരവുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി. ലിമിറ്റഡിൽ രണ്ട് പ്രവൃത്തികൾക്കായി ₹1,22,690/- ഡെപ്പോസിറ്റ് ചെയ്തിരിക്കുന്നു.

| പ്രോജക്റ്റ് വിവരം | ബിൽ നം/തീയതി/തുക |
|---|---|
| ഉടുമ്പന്നൂർ – ഇടമറുക് റോഡ് പുനരുദ്ധാരണം പോസ്റ്റ് മാറ്റി സ്ഥാപിക്കൽ<br>പ്രോജക്റ്റ് നമ്പർ-247/22 | 21100952003901306628/11.03.22-₹18158/- |
| ഉടുമ്പന്നൂർ – ഇടമറുക് റോഡിൽ ഓട നിർമ്മാണം<br>പ്രോജക്റ്റ് നമ്പർ – 246/22 | 21100952003901306620/11.03.22 - ₹104532/- |

രണ്ട് പ്രവൃത്തികൾക്കുമായി ആകെ ₹1,22,690/- ചെലവഴിച്ചതിന്റെ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ പ്രസ്തുത തുകയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-28 -1 ജലജീവൻ മിഷൻ വിഹിതം - വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല

ജല ജീവൻ മിഷൻ എന്ന കേന്ദ്ര സർക്കാർ പദ്ധതിയുടെ ഭാഗമായി കേരള വാട്ടർ അതോരിറ്റിയിൽ ഒടുക്കിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല.

| ബിൽ നമ്പർ | തുക |
|---|---|
| 21100952003901301477258/26.03.22- | ₹336782/- |

വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ₹3,36,782/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-28 -2 ഐ.കെ.എം. വിഹിതം - വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കമ്പ്യൂട്ടർവത്ക്കരണവുമായി ബന്ധപ്പെട്ട് സാങ്കേതിക സഹായം നൽകുന്ന ഇൻഫർമേഷൻ കേരള മിഷന് ഗ്രാമപഞ്ചായത്ത് വിഹിതമായി നൽകിയ ₹96,818/-ന്റെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല.

| ബിൽ നമ്പർ | തുക₹ |
|---|---|
| 21100952003900433436/22.09.21 | 96818/- |

വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ₹96,818/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-29 സിറ്റിസൺ ഇൻഫർമേഷൻ ബോർഡുകൾ സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കാതെ തന്നെ നിരക്ക് കണക്കാക്കി അനുവദിച്ചിരിക്കുന്നു

ഗ്രാമപഞ്ചായത്തിലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സിറ്റിസൺ

ഇൻഫർമേഷൻ ബോർഡുകൾ സ്ഥാപിക്കുന്നതിന് ടീംസ് ബോർഡ് വർക്കിംഗ് ഗ്രൂപ്പിനെയാണ് ചുമതലപ്പെടുത്തിയിരുന്നത്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2005 ഷെഡ്യൂൾ 1-ലെ ഖണ്ഡിക 25 (A), മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം (2017-ലെ ഭേദഗതി) ഷെഡ്യൂൾ II-ലെ സെക്ഷൻ 22 (Iv) എന്നിവ പ്രകാരം തൊഴിലുറപ്പ് പദ്ധതി നടത്തുന്ന ഓരോ സൈറ്റിലും പദ്ധതിയെക്കുറിച്ചുള്ള അടിസ്ഥാന വിവരങ്ങൾ പൊതുജനങ്ങൾക്ക് മനസ്സിലാകുന്നതിനായി നിശ്ചിത മാതൃകയിലുള്ള സിറ്റിസൺ ഇൻഫർമേഷൻ ബോർഡുകൾ സ്ഥാപിക്കേണ്ടതുണ്ട്. ഇന്ത്യാ ഗവൺമെന്റിന്റെ ഗ്രാമീണ വികസന മന്ത്രാലയം പുറപ്പെടുവിച്ചിരിക്കുന്ന 'സജസ്റ്റീവ് ഫ്രെയിം വർക്ക് (സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് ആന്റ് വാൾ റൈറ്റിംഗ്സ്) മാർഗ്ഗ നിർദ്ദേശത്തിലെ ഖണ്ഡിക 3 (2) പ്രകാരം വ്യക്തികളുടെ ആസ്തികളിലുള്ള പ്രവൃത്തികൾക്ക് 2 അടി X 3 അടി വലുപ്പമുള്ള ബോർഡുകളും പൊതു ആസ്തികൾക്ക് 3 അടി X 4 അടി വലുപ്പമുള്ള ബോർഡുകളുമാണ് ഉറപ്പിക്കേണ്ടത്. സാധനങ്ങളുടെ ലഭ്യത അനുസരിച്ച് മാർബിൾ സ്ലാബ്, കടപ്പാ സ്റ്റോൺ തുടങ്ങിയ വ്യത്യസ്ത നിർമ്മാണ സാധനങ്ങൾ ഉപയോഗിക്കാവുന്നതാണ്. പ്രസ്തുത മാർഗ്ഗ നിർദ്ദേശത്തിൽ 2016- ലെ CPWD D.S.R. നിരക്ക് പ്രകാരമാണ് ബോർഡുകളുടെ നിരക്ക് കണക്കാക്കിയിരിക്കുന്നത്. പ്രസ്തുത ഡേറ്റാ പ്രകാരം പരമാവധി നൽകാവുന്ന തുകകൾ ₹3,000/-, ₹5,000/- എന്നീ ക്രമത്തിലായിരിക്കണമെന്ന നിർദ്ദേശത്തോടെ യഥാർത്ഥത്തിലുള്ള നിർമ്മാണത്തിനാണ് തുക നൽകേണ്ടത് എന്നും പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 5-ൽ നിർദ്ദേശിച്ചിരിക്കുന്നു. ആയതിനാൽ ഫെറോ സ്ലാബിൽ നിർമ്മിക്കുന്ന സിറ്റിസൺ ഇൻഫർമേഷൻ ബോർഡിന്റെ യഥാർത്ഥ നിരക്ക് കണക്കാക്കിയാണ് എഗ്രിമെന്റ് തയ്യാറേക്കണ്ടതും തുക അനുവദിക്കേണ്ടതും. എസ്റ്റിമേറ്റ് തയ്യാറാക്കി തുക നിർണ്ണയിക്കാതെ ബോർഡ് സ്ഥാപിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 21/10.02.2023-ന് മറുപടി ലഭ്യമാക്കിയില്ല. തുടർന്ന് ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | ഓഡിറ്റിനോടൊപ്പം പരിശോധിച്ചു. | സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിന് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട് |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടുകളുടെ വിവരം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക ₹ | പ്രോജക്ടിന്റെ പേര് | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 203401 | നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി | 203401 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 113000 | അടുക്കള മുറ്റത്തെ കോഴിവളർത്തൽ | 113000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 128000 | ആട് വളർത്തൽ | 128000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 94400 | വൃക്കരോഗികൾക്ക് ഡയാലിസിസ് ധനസഹായം | 94400 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 40000 | പാലിയേറ്റീവ് കെയർ സാന്ത്വനം (എസ്.സി) | 40000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 100000 | പാലിയേറ്റീവ് കെയർ സാന്ത്വനം (ജനറൽ) | 100000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 80000 | ലൈഫ് ഭവനപദ്ധതി (എസ്.സി.പി) | 80000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 490000 | ലൈഫ് ഭവനപദ്ധത (റ്റി.എസ്.പി.) | 490000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 200000 | ലൈഫ് ഭവനപദ്ധതി (ജനറൽ) | 200000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 205100 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ സ്കോളർഷിപ്പ് | 205100 | 0 |
| ജില്ലാപഞ്ചായത്ത് | 124400 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ സ്കോളർഷിപ്പ് | 124400 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 54096 | കിഴക്കൻപാടം മൈലാട്ടുംപാറ കുടിവെള്ള പദ്ധതി | 54096 | 0 |
| ജില്ലാപഞ്ചായത്ത് | 862440 | ബഡ്സ് സ്കൂൾ നിർമ്മാണം | 862440 | 0 |
| ജില്ലാപഞ്ചായത്ത് | 406802 | നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി | 406802 | 0 |
| ജില്ലാപഞ്ചായത്ത് | 649472 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (103/22) | 649472 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക ₹ | ചെലവഴിക്കാൻ ബാക്കിയുള്ള തുക/റിമാർക്സ് |
|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | ജല ജീവൻ മിഷൻ | 2110095200390147725 8/ 25.03.22 | 336782 | 0 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല |
| ഭൂജല വകുപ്പ് തൊടുപുഴ | ബഡ്സ് സ്കൂളിന് കുടിവെള്ള സൗകര്യം ഒരുക്കൽ | XVF/2021/22/1/ 30.03.2022 | 300000 | 0 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല |
| കെ.എസ്. ഇ.ബി | പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് വേണ്ടി കെ.എസ്.ഇ.ബി.-ക്ക് തുക നൽകൽ | 21100900000007236/ 11.03.2022 | 104532 | 104532 | 0 |
| കെ.എസ്. ഇ.ബി | - ടി - | 21100900000007235/ 11.03.2022 | 18158 | 18158 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

- ഇല്ല -

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദ വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക ₹ | തൻവർഷ വായ്പ ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക₹ |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |

| | | | | | | | |
|---|---|---|---|---|---|---|---|
| ജവഹർ ഭവന പദ്ധതി | 68108/DB1/14/ ത.സ്വ.ഭ.വ. തീ.21-01-2015 296126/DB1/15 ത.സ്വ.ഭ.വ. തീ.01-02-2016 | 40000000 | 0 | 19604000 | 4504000 | 836316 | 15100000 |
| ലൈഫ് മിഷൻ | GO(MS)68/2018/ ത.സ്വ.ഭ.വ. തീ.18-05-2018 | 3535660 | 440000 | 17797136 | 1730666 | NIL | 16506470 |

4-6 സ്ഥിര നിക്ഷേപം

- ഇല്ല -

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹62,721/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക ₹ | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/തീയതി |
|---|---|---|---|---|
| 2014-15 | 3-1 A | 50000 | ശ്രീ. റ്റി. ആർ. ഷിബു, വി.ഇ.ഒ. | 121040101790/15.11.2021 |
| 2019-20 | 32, 1-19 | 4378 | ശ്രീ. അബ്ദുൾ കരിം, എ.ഇ. | 121040101125/25.09.2021 |
| 2019-20 | 1-18 | 8283 | ശ്രീ. അബ്ദുൾ കരിം, എ.ഇ. | 121040100463/25.06.21 |
| 2019-20 | 1-18 | 60 | ശ്രീ. അബ്ദുൾ കരിം, എ.ഇ. | 121040100994/06.09.21 |

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

- ഇല്ല -

4-9 ചാർജ്/സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുക വിവരം

എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

- - ഇല്ല - -

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗ | ചാർജ് സർട്ടിഫിക്കറ്റ് | സ്വയം അടവാക്കിയ | സർ ചാർജ്ജ് സർട്ടി | റവന്യൂ റിക്കവറി നടപടി | കോടതി വ്യവഹാരങ്ങൾ | ആകെ ലഭ്യമായ | അവശേഷിക്കുന്ന | റിമാർ |
|---|---|---|---|---|---|---|---|---|---|---|---|

| | | | സ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണവകുപ്പ് | | | തുക (രസീത് നം./ തീയതി) | ഫിക്കറ്റ് പ്രകാര മുള്ള തുക യഥാസമയം സ്ഥാപന ത്തിന്റെ ഡിമാന്റിൽ ഉൾപ്പെ ടുത്തിയി ട്ടുണ്ടോ? (ഉണ്ട്/ ഇല്ല) | യിലൂടെ ഈടാ ക്കിയ തുക (തീ യ തി) | | | തുക | തുക/ ബാ ദ്ധ്യത | ക്ല |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക ₹ | | | | ഉൾ പ്പെട്ട തുക | ഈ ടാ ക്കി യ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| 1 | 2014-15 | 3-1 | ശ്രീ. റ്റി. ആർ. ഷിബു വി.ഇ.ഒ. | കെ.എസ്.എ. 1935/ (സ്പെ. സെൽ.) എസ്.സി.- 2/സി.1 2007/ 8.11.2017 | | - | | - | - | - | 0 | 50000 | |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | ₹15516091 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹99077854 |
| ആകെ | ₹114593945 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹92966490 |
| നീക്കിയിരിപ്പ് | ₹21627455 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹2860220 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

– ഇല്ല –

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 94400 | ഡോ. റെയ്ച്ചൽ പി. ജോസഫ്, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) |
| 1-15 | 1860 | ശ്രീമതി. സിന്ധു റ്റി.കെ., ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

| | | |
|---|---|---|
| 1-18 | 99000 | ശ്രീ. ജോൺസൻ എം.ജെ., അസി. സെക്രട്ടറി |
| 1-20 | 160000 | ഡോ. റെയ്ച്ചൽ പി. ജോസഫ്, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 1-21 | 793770 | ഡോ. ഡാലി സി. ഡേവിസ്, വെറ്ററിനറി സർജൻ |
| 1-22 | 930000 | ശ്രീ. എ. എം. നസീർ, ഹെഡ് മാസ്റ്റർ |
| 1-25 | 224900 | ശ്രീമതി. ഷാജിത മീരാൻ, വി. ഇ. ഒ. |
| 1-27 | 122690 | ശ്രീ. ജോൺ ഗോഡ്രിക് ഗ്രീക്ക്, സെക്രട്ടറി |
| 1-28(1) | 336782 | ശ്രീ. ജോൺ ഗോഡ്രിക് ഗ്രീക്ക്, സെക്രട്ടറി |
| 1-28(2) | 96818 | ശ്രീ. ജോൺ ഗോഡ്രിക് ഗ്രീക്ക്, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

- ഇല്ല -

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

- ഇല്ല -

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ജോൺസൻ എം.ജെ., അസി. സെക്രട്ടറി | അസി. സെക്രട്ടറി, ഉടുമ്പന്നൂർ ഗ്രാമ പഞ്ചായത്ത് | മംഗലത്ത് വീട്, മൂലമറ്റം പി.ഒ, ഇടുക്കി ജില്ല, പിൻ - 685589 |
| ഡോ. റെയ്ച്ചൽ പി. ജോസഫ്, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | | കൊട്ടുവേലിക്കുളത്ത്, വടയംബാടി പി.ഒ., എറണാകുളം ജില്ല |
| ഡോ. ഡാലി വി. ഡേവിസ്, വെറ്ററിനറി സർജൻ | | ചെമ്പരത്തി, തൊടുപുഴ ഈസ്റ്റ് പി.ഒ, കീരികോട്, ഇടുക്കി ജില്ല |
| ശ്രീ. എ.എം. നസീർ, ഹെഡ് മാസ്റ്റർ | | ആലിയക്കുന്നേൽ, ഉടുമ്പന്നൂർ പി.ഒ, ഇടുക്കി ജില്ല |
| ശ്രീമതി. സിന്ധു റ്റി. കെ., ഐ.സി.ഡി.എസ്. സൂപ്പർവൈസർ | തൊടുപുഴ മുനിസിപ്പാലിറ്റി | പൈങ്കുളംപറമ്പിൽ, ശാസ്താംപാറ, ഇടവെട്ടി പി.ഒ, ഇടുക്കി ജില്ല, പിൻ - 6855888 |

| | | |
|---|---|---|
| ശ്രീ. ജോൺ ഗോടിക് ഗ്രീക്ക്,<br>സെക്രട്ടറി | സെക്രട്ടറി, ഉടുമ്പന്നൂർ<br>ഗ്രാമപഞ്ചായത്ത് | |

4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2009-10 | എൽ.എഫ്.ഐ-10/986/12<br>04.09.12 | 1 | 3-14 |
| 2010-11<br>&<br>2011-12 | എൽ.എഫ്.ഐ-8/1517/<br>13 07.07.14/12.09.14 | 1 | 3-3 |
| 2014-15 | കെ.എസ്.എ./ഐ.ഡി.കെ-10/1391/<br>16/28.09.17 | 4 | 3-1, 3-2, 3-3, 3-9 |
| 2015-16 | കെ.എസ്.എ./ഐ.ഡി.കെ-10/1172/<br>17/02.11.17 | 3 | 3-2, 3-3 (1,2), 3-5 |
| 2016-17 | കെ.എസ്.എ./ ഐ.ഡി.കെ-10/559/<br>17/<br>01.08.17 | 1 | 3 – 7 |
| 2017-18 | കെ.എസ്.എ./ഐ.ഡി.കെ-10/938/ 18/<br>തീ.25.09.2018 | 1 | 3-7 |
| 2018-19 | കെ.എസ്.എ./ഐ.ഡി.കെ-10/965/ 19/<br>തീ.26.11.2019 | 3 | 1 – 16, 1-23,<br>1-24 |
| 2019-20 | കെ.എസ്.എ./ഐ.ഡി.കെ-10/572/21<br>തീ.30.06.2021 | 8 | 1-10, 1-11, 1-12, 1-13,<br>1-15,<br>1-16, 1-17, 3-2 |
| 2020-21 | കെ.എസ്.എ./ഐ.ഡി.കെ-10/619/22<br>തീ. 30.06.2021 | 7 | 1-10 മുതൽ 1-16 വരെ |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്